# വേദാഭിമാനി

**വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി**

Vol.22 | No.12 | കാർത്തികപ്പള്ളി | R.No. 7361/02 | 2022 DECEMBER

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ടോഗോയെ കണ്ടുപഠിക്കണം

വെസ്റ്റ് ആഫ്രിക്കയിലെ ടോഗോ എന്ന ചെറു രാജ്യത്തെക്കുറിച്ചാണ്. ഗൾഫ് ഓഫ് ഗിനിയ എന്ന കടലിടുക്കിനോട് ചേർന്ന് കിടക്കുന്ന ചെറു രാജ്യമാണിത്. ഫ്രാൻസിൽനിന്ന് ഈ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയത് അറുപതുകളിലാണ്. കാലാവസ്ഥയിലും ഭൂപ്രകൃതിയിലും കേരളത്തിനോട് വളരെയധികം സാമ്യമുള്ള സ്ഥലമാണിത്.

വലിയ ഫാക്ടറികളോ, മറ്റു കാര്യമായ ഉത്പാദനമോ ഇല്ലാത്ത ഈ രാജ്യത്തെ പ്രധാന വരുമാനം കൃഷിയും മീൻ പിടിത്തവും അതിനോടനുബന്ധിച്ചുള്ള കച്ചവടവുമാണ്. പ്രതിശീർഷ വരുമാനം വളരെ താഴ്ന്നതാണെങ്കിലും ആ നാട്ടിലൂടെ സഞ്ചരിച്ചപ്പോൾ അതിശയമാണ് തോന്നിയത്. ടോഗോയുടെ തലസ്ഥാനമായ ലോമേയുടെ നഗരവീഥികളിലൂടെ പോകുമ്പോൾ പലതും വ്യത്യസ്തമായ കാഴ്ചകളാണ്. വൃത്തിയുള്ള പൊട്ടിപ്പൊളിയാത്ത റോഡുകളും കാൽനടക്കാർക്കുവേണ്ടിയുള്ള വിശാലമായ നടപ്പാതകളും വെള്ളപ്പൊക്കത്തെ പ്രതിരോധിക്കാനുള്ള ഓടകളും മാലിന്യം പോയിട്ട് ഒരു കടലാസിന്റെ കഷണം പോലുമില്ലാത്ത തെരുവീഥികളും എടുത്തുപറയേണ്ടതാണ്. തെരുവ് പട്ടികളില്ലാത്ത വഴികളും നഗരപ്രാന്ത പ്രദേശങ്ങളും. മൂക്കുപൊത്താതെ ഏതു വഴിയിൽ കൂടിയും സഞ്ചരിക്കാം. മല മൂത്ര വിസർജനത്തിന്റെ മണമോ, വഴിയരികിലെ തുപ്പലഭിഷേകമോ ഒന്നും എവിടേയുമില്ല. രാവിലെ വീട്ടിൽനിന്നു പുറത്തുപോകുമ്പോൾ തലേദിവസത്തെ മാലിന്യങ്ങളെല്ലാം പ്ലാസ്റ്റിക് കവറിലാക്കി, ആദ്യം കാണുന്ന മൂലയിൽ നിക്ഷേപിക്കുന്ന ആളുകളെയും ഇവിടെ കാണാൻ സാധിക്കില്ല.





ചെറുകവലകൾപോലും സിഗ്നലുകൾ കൊണ്ട് നിയന്ത്രിച്ചിരിക്കുന്നു. ടൂ വീലറുകൾ ടാക്സിയായി ഉപയോഗിക്കുന്ന ഈ നാട്ടിൽ, ആയിരിക്കണക്കിന് വണ്ടികൾ എപ്പോഴും റോഡിൽ കാണാം. അനാവശ്യമായ ഹോണടിയോ, ഇടയ്ക്കുള്ള കുത്തിക്കേറ്റമോ ഇല്ലാതെ കൃത്യമായി റോഡിലെ നിയമങ്ങൾ പാലിച്ച് ആളുകൾ വണ്ടിയോടിക്കുന്നു.

കൈക്കൂലിയും കമ്മീഷനുമെല്ലാം എല്ലാ രാജ്യത്തെപോലെ ഇവിടെയുണ്ടെങ്കിലും മൊത്തമായി വിഴുങ്ങുന്ന സ്വഭാവക്കാർ ഇവിടെ കുറവാണ്. ഹർത്താൽ എന്ന ആഘോഷത്തെപ്പറ്റി ഇവർ കേട്ടിട്ടേയില്ലത്രെ. മദ്യം വിഷമാണെന്നും ആരോഗ്യത്തിന് ഹാനികരമാണെന്നും എല്ലായിടത്തും എഴുതി വെച്ച്, അതേ മദ്യവിൽപന സർക്കാരിന്റെ കുത്തകയാക്കുന്നതും ഇവിടെ കാണാൻ പറ്റിയില്ല.

വഴിയരികിൽ ഉപയോഗിച്ച ചെരുപ്പും വസ്ത്രങ്ങളും ബെൽറ്റ്, ബാഗ് മുതലായവയും വിൽക്കുന്ന കടകൾ ധാരാളമായി കാണാം. ജനങ്ങളിൽ ഏറെപ്പേർ ഉപയോഗിക്കുന്നത്, യൂറോപ്യൻ രാജ്യങ്ങളിൽ ഉപയോഗിച്ച സാധനങ്ങളാണ്. നമ്മുടെ കാഴ്ചപ്പാടിലുള്ള ഭംഗിയോ, നിറമോ ഒന്നുമില്ലാത്ത സാധാരണക്കാരിൽ സാധാരണക്കാരായ കറുത്തവർഗക്കാർ. എന്നാൽ വൃത്തിയുടെയും അച്ചടക്കത്തിന്റെയും എളിമയുടെയും കാര്യത്തിൽ എത്രയോ മുന്നിലാണ്. അവരവരുടെ കാര്യങ്ങൾ മാത്രം നോക്കി, അധ്വാനിച്ച് ഉണ്ടാക്കുന്ന ചെറുസമ്പത്തുകൊണ്ട്, സന്തോഷമായി ജീവിക്കുന്നവർ.

ടിവി ചാനലിലും യൂട്യൂബിലുമിരുന്ന് വിഷം ചീറ്റി, പരദൂഷണമുണ്ടാക്കി കാശുണ്ടാക്കുന്നവരെയും ഇല്ലാത്ത വാർത്തയുണ്ടാക്കി ബ്രേക്കിംഗ് ന്യൂസ് ആയി പ്രചരിപ്പിക്കുന്നവരെയും ഇവിടെ കാണില്ല. ഒരു കാര്യത്തിലും ഈ നാട്ടിലുള്ളവരും ഗവൺമെന്റും ഒന്നാമതെന്നോ, രണ്ടാമതെന്നോ അവകാശപ്പെടുന്നേയില്ല.

ഈ രാജ്യത്തെപ്പറ്റി ലോകത്തിന് വലിയ അറിവൊന്നുമില്ല. എങ്കിലും ഉള്ളതുകൊണ്ട് മനഃസമാധാനത്തോടെ വലിയ കടങ്ങൾ ഒന്നുമില്ലാതെ മുന്നോട്ടു പോകുന്ന ഒരു നാടും ജനവിഭാഗവും. ലക്ഷക്കണക്കിന് കോടി കടമെടുത്ത്, വീണ്ടും കടത്തിനുവേണ്ടി കൈകാലിട്ടടിക്കുന്ന ചില നാടുകളെപ്പറ്റി ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു.

കാലാകാലങ്ങളായി വരുന്ന ഭരണകർത്താക്കൾ അവരുടെ രാജ്യത്തെ രക്ഷപ്പെടുത്താനായി ഇതുപോലുള്ള ചെറുരാജ്യങ്ങളിൽ ചെന്ന്, എങ്ങിനെയാണ് അവർ അത്ഭുതം സൃഷ്ടിക്കുന്നതെന്ന് നോക്കിയിരുന്നെങ്കിൽ. –വേദാഭിമാനി ലേഖകൻ

## വിശ്വാസഭ്യാസം

നരബലിയുടെ വാർത്തകൾ കേട്ട് മലയാളിയുടെ മനസ് മരവിച്ചിരിക്കുകയാണ്. അന്ധവിശ്വാസത്തിനെതിരേയുള്ള സന്ധിയില്ലാ യുദ്ധത്തിന് കേരളം ഒരുനിമിഷം പോലും വൈകരുത്. നരബലി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ പിന്നാലെ പലയിടങ്ങിൽനിന്നും മന്ത്രവാദത്തിന്റെയും ആഭിചാരത്തിന്റെയും അത്ഭുത അനുഗ്രഹ തട്ടിപ്പുകളുടെയും വാർത്തകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഇനിയും വെളിച്ചത്തുവരാത്ത സംഭവങ്ങളും ഉണ്ടാകും. പത്രങ്ങളും ചാനലുകളും സമൂഹ മാധ്യമങ്ങളുമൊക്കെ ഇതെല്ലാം വാർത്തയാക്കിക്കൊണ്ടുള്ള ബോധവത്കരണം ഇപ്പോൾത്തന്നെ ഏറ്റെടുത്തിട്ടുമുണ്ട്. നല്ലത്. പക്ഷേ, മറുവശത്ത് ഇതേ മാധ്യമങ്ങളിൽ ചിലതുതന്നെ ഇത്തരം തട്ടിപ്പുകളുടെ പരസ്യം മറയില്ലാതെ കൊടുക്കുകയും ചെയ്യുന്നു. ഇരട്ടത്താപ്പല്ലേ ഇത്? ആത്മപരിശോധനയ്ക്ക് നാം ഇനിയും വൈകേണ്ടതുണ്ടോ?







സാമ്പത്തിക ലാഭത്തിനുവേണ്ടി രണ്ടു വള്ളത്തിലും കാലൂന്നി നിൽക്കുന്ന മാധ്യമങ്ങളുടെ ഈ അഭ്യാസം നാടിനെ നശിപ്പിക്കുകയേയുള്ളൂ. കേരളത്തിലെ നരബലി, അന്ധവിശ്വാസത്തിന്റെ ഭാഗമാണെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും സർക്കാർ ശക്തമായി ഇടപെടണമെന്നുമൊക്കെ ഉപദേശിക്കുമ്പോൾതന്നെ ഉൾപ്പേജിൽ ജനങ്ങളെ ചൂഷണം ചെയ്യുന്ന വ്യാജമാരുടെ പരസ്യങ്ങൾ മറയില്ലാതെ കൊടുക്കുന്നുണ്ട്. ധനാകർഷണ ഭൈരവയന്ത്രം, വശീകരണ ഏലസ്, വ്യാപാര അഭിവൃദ്ധി, പരീക്ഷാവിജയ ആഭിചാരങ്ങൾ, അറബി മാന്ത്രികം, ജിന്ന്, മഷിനോട്ടം, ആൾദൈവങ്ങൾ, സിദ്ധന്മാർ, വ്യാജ പുരോഹിതർ, സമൃദ്ധി അത്ഭുത-അനുഗ്രഹ തട്ടിപ്പു പരസ്യങ്ങൾ കൊടുക്കാൻ പ്രധാന മാധ്യമങ്ങൾക്കും മടിയില്ല. ഒരു കൈയാൽ സാമൂഹിക പ്രതിബദ്ധതയുടെ 'അക്ഷരാഭ്യാസ'വും മറുകൈയാൽ വ്യാജന്മാരുടെ പുറം ചൊറിയലും. അഭ്യസ്തവിദ്യരല്ലാത്തവരെയും അന്ധവിശ്വാസികളെയും സാമ്പത്തികമായോ മാനസികമായോ ആരോഗ്യപരമായോ തകർന്നവരെയുമൊക്കെയാണ് ഇത്തരം പരസ്യങ്ങൾ ലക്ഷ്യമിടുന്നത്. പരസ്യത്തിനുവേണ്ടി മാത്രമുള്ള ചില ചാനലുകളിൽ 24 മണിക്കൂറും ഇത്തരം തട്ടിപ്പു പരസ്യങ്ങളാണ് അരങ്ങേറുന്നത്. പരസ്യത്തിലൂടെയും അല്ലാതെയും സോഷ്യൽ മീഡിയ ഇതിന്റെയൊക്കെ കൂത്തരങ്ങായി മാറിക്കഴിഞ്ഞു.

ലഹരിക്കെതിരെ പ്രഖ്യാപിച്ചിരിക്കുന്ന മാതൃകയിൽ അന്ധവിശ്വാസങ്ങൾക്കെതിരേയും വ്യാപക പ്രചാരണവും ബോധവത്കരണവും ആവശ്യമാണ്. വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ള വേർതിരിവ് വിശ്വാസികൾ മനസിലാക്കുകയും വേണം. ദൈവവും മാമോനും തമ്മിലുള്ള വ്യത്യാസം മനസിലാക്കി സാമ്പത്തികാഭിവൃദ്ധി ക്രിസ്തു വാഗ്ദാനം ചെയ്യുന്നില്ലായെന്നുള്ള യാഥാർത്ഥ്യം ക്രിസ്ത്യാനികൾ ഉൾക്കൊണ്ട് ഇത്തരം വാഗ്ദാനങ്ങൾ നൽകുന്ന വ്യാജന്മാരെ പൂർണ്ണമായി ബഹിഷ്ക്കരിക്കേണ്ടതാണ്. മത-സമുദായ നേതൃത്വങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

## ക്വാണ്ടം വിപ്ലവവും ദൈവകണവും

ഇത്തവണ നൊബേൽ സമ്മാനം ലഭിച്ച ഭൗതിക ശാസ്ത്രജ്ഞരുടെ കണികകുരുക്കിനെക്കുറിച്ച് ഐൻസ്റ്റൈൻ ഒരിക്കൽ പറഞ്ഞത് 'അകലെ നടക്കുന്ന ഭൂതപ്രവൃത്തി' എന്നായിരുന്നു. പ്രകാശത്തെ മറികടക്കുന്ന വേഗം ഒന്നിനുമില്ല എന്ന സിദ്ധാന്തത്തെ മറികടക്കാൻ ആർക്കും കഴിയില്ലെന്നായിരുന്നു വിശ്വാസം. ഒരു കണികയുടെ സ്വഭാവം മാറ്റി അകലെയുള്ള മറ്റൊരു കണികയെ സ്വാധീനിക്കണമെങ്കിൽ പ്രകാശത്തിന്റെ വേഗം മറികടക്കണമായിരുന്നു. ഭൗതികശാസ്ത്രം ഇത് അനുവദിക്കുന്നില്ലെന്നായിരുന്നു ശാസ്ത്രജ്ഞർ പറഞ്ഞത്.

പക്ഷേ ഐൻസ്റ്റൈൻ അന്ന് ഒരു കാര്യം പറഞ്ഞിരുന്നു. പുറത്തുകാണാത്ത എന്തൊക്കെയോ കാര്യങ്ങൾ ഈ കണികകൾക്കുണ്ട്. 1964-ൽ ഇതിനു പിന്നാലെ പോയത് പ്രശസ്ത ശാസ്ത്രജ്ഞനായ ജോൺ സ്റ്റിവാർട്ട് ബെൽ ആയിരുന്നു. കണികളിലെ ഒളിസ്വഭാവം കണ്ടുപിടിക്കാൻ



അദ്ദേഹം സൈദ്ധാന്തികമായ ഒരു വഴി കണ്ടുപിടിച്ചു. അതിനു പിന്നാലെ 20 വർഷത്തിനുശേഷം അലെയ്ൻ ആസ്പെക്ട് പരീക്ഷണശാലയിൽ ഇത് തെളിയിക്കുകയും ചെയ്തു. അങ്ങനെ 'ഭൂതം' കുടത്തിൽനിന്നു പുറത്തുവന്നു. ഒരു മുറിയിലെ ഫോട്ടോൺ കിരണത്തിൽ മാറ്റം വരുത്തിയപ്പോൾ അടുത്ത കിരണത്തിൽ എന്തോ സംഭവിക്കുകയും ഒരു സൂചി അനങ്ങുകയും ചെയ്തു. ഇതാണ് ഭൂതം എന്ന് ഐൻസ്റ്റൈൻ മുൻപ് പറഞ്ഞത്. രണ്ടു ലാബുകളുണ്ടെന്നു വച്ചോളൂ. ഒരിടത്ത് ഇത് ചെയ്താൽ അങ്ങകലെയുള്ള ലാബിലും ഇത് സംഭവിക്കും. ക്വാണ്ടം കുരുക്കുപയോഗിച്ച് ഡേറ്റ എൻക്രിപ്ഷൻ (വിവര സുരക്ഷിതത്വം), ടെലിപോർട്ടേഷൻ എന്നിവ സാധ്യമാകുമെന്ന് സിലിങ്ഗർ പറഞ്ഞപ്പോൾ ഫിലിപ്സ് ഒരു പടി മുന്നോട്ടു പോയി. ക്വാണ്ടം കുരുക്ക് സൃഷ്ടിച്ച് അതിലൂടെ ഹൈ-ഫൈ ശബ്ദസംവിധാനത്തിന്റെ മാതൃക സൃഷ്ടിച്ചു. ഇതാണ് രണ്ടാം ക്വാണ്ടം വിപ്ലവത്തിന്റെ സൂചനകളായി കരുതപ്പെടുന്നത്. ക്വാണ്ടം കുരുക്കിന്റെ നിഗൂഢത ശാസ്ത്രലോകത്തെയാകെ അമ്പരപ്പിക്കുന്നുണ്ട്. ഐൻസ്റ്റൈൻ ചോദിച്ച ചോദ്യമുണ്ട്, എങ്ങനെ ഇത് സംഭവിക്കുന്നു? ഫിലിപ്സിന്റെ ഉത്തരം ലോകത്തെയാകെ അമ്പരപ്പിക്കുന്നു, ഇത് ദൈവത്തിന്റെ കരചലനത്താലുള്ള പ്രപഞ്ചാത്ഭുതം. അതാണ് ഭൗതികശാസ്ത്രം. അതിനുമുന്നിൽ ലോകം തലകുനിക്കുന്നു.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |

# ദൈവത്തിനു സുഖമാണോ?





**പു**തുതായി വന്ന കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരീക്ഷയിൽ വിദ്യാർത്ഥികളിലൊരാൾ എഴുതിയ വാചകം ഇങ്ങനെയായിരുന്നു: “ഔർ ഫാദർ, ഹൗ ആർ യു ഇൻ ഹെവൻ.” എഴുതേണ്ടിയിരുന്നത്, “ഔവർ ഫാദർ, ഹൂ ആർ ഇൻ ഹെവൻ” എന്നതും. ശരിയായ ഈ വാചകത്തിലെ ചില വാക്കുകൾ മാറിപ്പോയപ്പോൾ ആശയംതന്നെ മാറി. എങ്കിലും ഞാനതു കേട്ടപ്പോൾ അതുവരെ ആരും ചോദിക്കാത്തൊരു കാര്യം പോലെ ആ ആശയം എന്റെ ഉള്ളിൽ കയറുകയും ചെയ്തു. ദൈവത്തിന് സുഖമാണോ?

നാം ആരാധനാലയങ്ങളിൽ പോകുന്നു. ചിലർ ഞായറാഴ്ചകളിൽ മാത്രവും. നമ്മുടെയും പ്രിയപ്പെട്ടവരുടെയും സുഖത്തിനുവേണ്ടിയാണ് ഓരോരുത്തരും പ്രാർത്ഥിക്കുന്നത്. ഇത് ആവശ്യമായ കാര്യമാണ്. എന്നാൽ, നമ്മിലാരുംതന്നെ ദൈവത്തിന് സുഖമാണോ എന്ന് ഒരിക്കലും അന്വേഷിക്കാറില്ല.

“സുഖമാണോ..?,” ഓരോ ഫോൺ വിളിയിലും നാം മുടങ്ങാതെ ചോദിക്കുന്ന ചോദ്യമാണിത്. അറിയാൻ ആഗ്രഹമുണ്ടെങ്കിലും ഇല്ലെങ്കിലും നാം ഇതെന്നും ചോദിച്ചുകൊണ്ടേയിരിക്കും. ഞാൻ പലപ്പോഴും ഈ ചോദ്യം ഒഴിവാക്കുമായിരുന്നു. അപ്പോൾ, ഫോൺ സംഭാഷണം തീരാൻ നേരത്ത് ചിലരെങ്കിലും എന്നോട് ചോദിച്ചിട്ടുണ്ട് “സുഖമാണോ എന്നൊരു വാക്കുപോലും ചോദിച്ചില്ലല്ലോ”. ഈ വാക്ക് കേൾക്കുമ്പോൾതന്നെ നമ്മുടെ ഉള്ളിൽ ഒരു സുഖമുണ്ട് എന്നതാകാം അതിന് പിന്നിലുള്ള യാഥാർത്ഥ്യം.

കത്തുകൾ എഴുതിക്കൊണ്ടിരുന്ന കാലത്തും ഇ മെയിലുകളുടെ ഈ കാലത്തും സുഖമല്ലേ എന്ന ചോദ്യവും അതിന്റെ ഉത്തരവും നാം പരസ്പരം കൈമാറാറുണ്ട്. ഇതെല്ലാം നമ്മുടെ ബന്ധങ്ങൾ നിലനിർത്താൻ ആവശ്യമായ കാര്യങ്ങൾ തന്നെയാണ്. ഇവയെല്ലാം എന്നും നിലനിൽക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം.

നാമെല്ലാം പിതാവായ ദൈവത്തിന്റെ മക്കളാണെന്ന് വിശ്വസിക്കുകയും കൂടെക്കൂടെ പറയുകയും ചെയ്യാറുണ്ട്. പക്ഷേ, പിതാവായ ദൈവത്തിന് സുഖമാണോ എന്ന ക്ഷേമാന്വേഷണം നമ്മുടെ അധരങ്ങൾ ഉരുവിടാറില്ല. ദൈവത്തോട് ഇത് ചോദിക്കേണ്ട ഒരു കാര്യമായി ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. പക്ഷേ, ഇപ്പോൾ “ദൈവത്തിന് സുഖമാണോ” എന്ന് എഴുതി ആ കുട്ടി വരുത്തിയ തെറ്റ് എന്നെ ചിന്തിപ്പിക്കുന്നു. ഞാനീ ചോദ്യം ചോദിക്കണം എന്ന ചിന്ത ഉള്ളിൽ ഉണരുകയും ചെയ്യുന്നു.



ഇന്നൊരു സുഖവുമില്ല എന്ന് നാം ചിലപ്പോഴെങ്കിലും പറയാറുണ്ട്. മറ്റ് പലരിൽ നിന്ന് അത് കേട്ടിട്ടുമുണ്ട്. എന്തെങ്കിലും രോഗമുണ്ടോ എന്നാരാഞ്ഞാൽ ഇല്ലന്നാവും അത്തരം സന്ദർഭങ്ങളിൽ നമ്മുടെ ഉത്തരം. നാം ആഗ്രഹിച്ചപോലെ കാര്യങ്ങൾ നിറവേറാതിരിക്കുക, മറ്റുള്ളവർ നമുക്കു വേണ്ടത്ര പരിഗണനയോ അംഗീകാരമോ തരാതിരിക്കുക, ഒറ്റപ്പെട്ടുപോകുന്ന അനുഭവങ്ങളുണ്ടാകുക, തെറ്റിദ്ധാരണയാൽ അധികാരികൾ മോശമായി സംസാരിക്കുക തുടങ്ങി പലതും സുഖമില്ലെന്നു പറയാൻ നമുക്ക് കാരണമാകാറുണ്ട്.

ലൂക്കോസിന്റെ സുവിശേഷം 15–ാം അധ്യായത്തിൽ ഒരു അപ്പനെയും മകനെയും നമുക്ക് കാണാം. അപ്പന്റെ ഹൃദയത്തിന് മുറിവേൽപ്പിച്ചാണ് മകൻ വീട് വിട്ടിറങ്ങിയത്. അപ്പൻ ശരിക്കും ഏതു തരക്കാരാണെന്ന് അവസാനഭാഗത്ത് വ്യക്തമാകും. എല്ലാം നഷ്ടമായ അവസ്ഥയിൽ, ദാസനാക്കണമേ എന്ന അപേക്ഷയുമായി വീടുവിട്ടിറങ്ങിയ മകൻ തിരിച്ചെത്തുമ്പോൾ നിയമവും പാരമ്പര്യവും അനുശാസിക്കുന്ന വഴി മാറ്റിപിടിച്ച്, സ്നേഹത്തിനുമാത്രം മനസ്സിലാകുന്ന കാര്യങ്ങൾ ചെയ്യുകയാണ് ആ അപ്പൻ. അവിടെയാണ് ആ അപ്പൻ സുഖമറിയുന്നത്. അപ്പന് നഷ്ടങ്ങൾ വന്നെന്ന് പറയുന്നവരുണ്ട്. ആദ്യം ഓഹരി കൊടുത്തു. അത് വാങ്ങി വീടുവിട്ടവൻ തിരികെ എത്തുമ്പോൾ ഒരിക്കൽകൂടി എല്ലാം കൊടുക്കുകയാണീ അപ്പൻ. ഈ നഷ്ടങ്ങൾ വലിയൊരു നേട്ടവും ആനന്ദവും സുഖവുമാണ് പകരുന്നത്.

സുഖകരമല്ലാത്ത കാര്യങ്ങൾ മക്കളായ നാം ചെയ്യുമ്പോൾ ദൈവം എങ്ങനെയായിരിക്കും അതിനോട് ഇടപെടുക എന്ന് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. സ്നേഹിക്കാൻ മാത്രം അറിയുന്ന ദൈവം, മക്കളായ നാം തെറ്റായ വഴികളെല്ലാം തിരുത്തി മടങ്ങിയെത്തുമെന്ന പ്രതീക്ഷയിലായിരിക്കും കഴിയുക. ആ പ്രതീക്ഷയായിരിക്കും ദൈവത്തിന് കിട്ടുന്ന സുഖം.

ദൈവത്തിന് സുഖമാണോ എന്നതിനുത്തരം ഓരോരുത്തരുടെയും ജീവിതം തന്നെയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും തുടങ്ങിയാൽ ദൈവത്തിന് സുഖമായിരിക്കുമെന്ന് ഞാൻ കരുതുന്നു. അത്രയും കഴിഞ്ഞില്ലെങ്കിൽ അത്തരം വളർച്ചയ്ക്കുള്ള പരിശ്രമം നമ്മുടെ ഭാഗത്തുനിന്ന് തുടങ്ങിയാൽ ദൈവം എല്ലാം സുഖമായിട്ടെടുക്കും എന്നെനിക്ക് തോന്നുന്നു. ധൂർത്തനായിപോയവൻ മടക്കയാത്രയ്ക്ക് ഒരുക്കം കൂട്ടിയപ്പോൾമുതൽ അപ്പൻ സുഖകരമായ ഒരു തലത്തിലേക്ക് പ്രവേശിച്ചുതുടങ്ങി. എന്തെന്നാൽ ഈ അപ്പൻ എല്ലാം അറിയുന്നവൻ തന്നെയാണല്ലോ.

എത്ര വലിയ സങ്കടങ്ങളും നൊമ്പരങ്ങളും ഉണ്ടായിരുന്നാലും ദൈവസന്നിധിയിൽ ശാന്തമായിരിക്കുമ്പോൾ ഹൃദയത്തിൽ ഒരു ദൈവികമായ സുഖം നിറയാറുണ്ടെന്നത് നമ്മിൽ പലരുടെയും അനുഭവമാണ്. തിരക്കിന്റെ ലോകത്തൂടെ കടന്നുപോകുന്ന അനേകർ ദൈവസന്നിധിയിൽ സമയം ചെലവഴിക്കാൻ ഇഷ്ടപ്പെടുന്നതിന്റെ കാരണം ഇതുതന്നെയാണ്. ഈ സുഖം തരുന്നത് ദൈവം തന്നെയാണ്. തന്റെ മക്കൾ ആത്മീയമായ സുഖമനുഭവിക്കുമ്പോൾ ദൈവവും സുഖമറിയുന്നു.

ദൈവം ചെയ്ത കർമ്മങ്ങൾ എല്ലാം നല്ലതായിരുന്നു. അതിനാൽ തന്നെ ദൈവത്തിന് അത് സുഖദായകം തന്നെയാണ്. ദൈവത്തിന്റെ കർമ്മംതന്നെയായ നാം നന്മയില്ലാത്തവരാകുമ്പോഴാണ് ദൈവം അസ്വസ്ഥമാകുന്നത്. ദൈവത്തിന് സുഖമുണ്ടാകണമെങ്കിൽ മക്കളായ നാം നന്മയിലേക്കു തിരിയണം. ദൈവത്തെ പ്രസാദിപ്പിക്കുന്ന ആത്മീയരാകണം. അങ്ങനെ ദൈവത്തിന് സുഖം നൽകുന്ന നന്മനിറഞ്ഞ ജീവിതത്തിനായി നമുക്ക് ഉത്സാഹിക്കാം.

# ജ്വലിക്കുന്ന ഹൃദയം





**ദൈ**വത്തിനായി എപ്പോഴും എരിയുന്ന ഒരു ഹൃദയം ഉണ്ടാവണമെന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ നാം നമ്മുടെ ഹൃദയത്തിലേക്കു നോക്കുമ്പോൾ പലപ്പോഴും അതു തണുത്തുമരവിച്ച അവസ്ഥയിലാണ്. ഈ തണുപ്പ് എങ്ങനെ മാറും? ഈ മരവിപ്പ് എങ്ങനെ ഇല്ലാതാകും? ദൈവത്തിനും ദൈവിക കാര്യങ്ങൾക്കുമായി എപ്പോഴും കത്തിജ്ജ്വലിക്കുന്ന ഒരവസ്ഥയിലായിരിക്കാൻ ഹൃദയത്തിനു കഴിയുമോ?

ഹൃദയത്തെപ്പറ്റി വികാരങ്ങളുടെ ഇരിപ്പിടം എന്നു മാത്രമേ നാം പലപ്പോഴും ചിന്തിക്കാറുള്ളു. എന്നാൽ വികാരം, ചിന്ത (മനസ്സ്), ഇച്ഛ (തീരുമാനം എടുക്കാനുള്ള ശക്തി), മനഃസാക്ഷി എന്നിവയുടെ ആകെത്തുകയെയാണു ഹൃദയം എന്നു ബൈബിൾ വിവക്ഷിക്കുന്നത്. ഇവയെല്ലാം ഒരുപോലെ ദൈവത്തിലും ദൈവികകാര്യങ്ങളിലും സജീവമായിരുന്നാൽ മാത്രമേ ഹൃദയം ദൈവത്തിനായി എരിയുന്നു എന്ന് പറയാൻ കഴിയൂ, എന്നാൽ പലപ്പോഴും നമ്മുടെ അവസ്ഥയോ? മനസ്സ് അചേതനമായും ഇച്ഛ നിർജ്ജീവമായും മനഃസാക്ഷി കഠിനപ്പെട്ടും ഇരിക്കുന്നു! ഈ ഹൃദയം എങ്ങനെ ചൂടുപിടിക്കും? എപ്പോൾ കത്തി ജ്വലിക്കും.

ഹൃദയത്തെക്കുറിച്ച് പഴയനിയമത്തിൽ യിരെമ്യാവ് പറയുന്നു: “ഹൃദയം എല്ലാറ്റിനെക്കാളും കാപട്യമുള്ളതാണ്. ശോചനീയമാംവിധം ദുഷിച്ചതുമാണ്. അതിനെ ആർക്കാണു മനസ്സിലാക്കാൻ കഴിയുക? (17:9).

എന്നാൽ പുതിയ ഉടമ്പടിയിൽ യേശുക്രിസ്തു പ്രസ്താവിക്കുന്നത് “എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും” എന്നാണ് (യോഹന്നാൻ 7:38).

പഴയ, പുതിയ ഉടമ്പടികൾ തമ്മിലുള്ള വ്യത്യാസത്തിലേക്കാണ് ഈ രണ്ട് പ്രസ്താവനകളും വിരൽ ചൂണ്ടുന്നത്. പഴയ ഉടമ്പടിയുടെ (ന്യായപ്രമാണത്തിന്റെ) സത്ത പത്തു കൽപനകളാണ്. ഈ പത്തു കൽപനകളിൽ ആദ്യത്തെ ഒൻപതെണ്ണവും ബാഹ്യമായതാണെങ്കിൽ പത്താമത്തേതു തീർത്തും ഹൃദയവുമായി ബന്ധപ്പെട്ടതാണ്.

അതുകൊണ്ടുതന്നെ ഒൻപതു കൽപനകളും അക്ഷരംപ്രതി അനുസരിക്കുന്ന പരീശൻ പോലും പത്താമത്തെ കല്പനയുടെ മുൻപിൽ വരുമ്പോൾ ഒന്നു പകയ്ക്കും –‘മോഹിക്കരുത്’. കൊല ചെയ്യാതിരിക്കാം, വ്യഭിചാരം ചെയ്യാതിരിക്കാം, കള്ളസാക്ഷ്യം പറയാതിരിക്കാം എന്നാൽ മോഹിക്കാതിരിക്കുന്നതെങ്ങനെ? അത് ഒരു പ്രവൃത്തിയുമായല്ല ഹൃദയവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഹൃദയത്തെ വരുതിയിൽ നിർത്തുന്നതെങ്ങനെ?

പഴയ ഉടമ്പടിയുടെ ഈ പരിമിതിയെ, ന്യായപ്രമാണം മുഴുവൻ താൻ ചെറുപ്പം മുതൽ പാലിച്ചുപോരുന്നു എന്നവകാശപ്പെട്ട ഒരു ചെറുപ്പക്കാരന്റെ അനുഭവവുമായി ബന്ധപ്പെട്ട് യേശു തുറന്നുകാട്ടിയത് ഓർക്കുക. ‘നിത്യജീവനെ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?’ എന്ന ചോദ്യവുമായാണ് ധനികനായ ആ യഹൂദ യുവാവ് യേശുവിനെ സമീപിച്ചത്. കൽപനകൾ അനുസരിക്കുന്നതിനെക്കുറിച്ച് യേശു സൂചിപ്പിച്ചു. പത്തുകൽപനകളിൽ ആദ്യത്ത നാലെണ്ണം ദൈവത്തോടും ബാക്കിയുള്ളവ സഹജീവികളോടും ബന്ധപ്പെട്ട തെന്നു രണ്ടായി തിരിക്കാറുണ്ടല്ലോ. ഇതിൽ രണ്ടാമത്തെ ഗണത്തിൽ വരുന്നവയിൽ അഞ്ചു മുതൽ ഒൻപതുവരെയുള്ള കൽപനകളാണ് യേശു ആ ചെറുപ്പക്കാരനോട് എണ്ണിയെണ്ണിച്ചോദിച്ചത്. എന്നാൽ അവിടുന്നു പത്താമത്ത കല്പനയായ ‘മോഹിക്കരുത്’ എന്നുള്ളത് ഒഴിവാക്കുകയും ചെയ്തു. (മർക്കോസ് 10:19 ശ്രദ്ധിക്കുക). ഈ കൽപനകൾ എല്ലാം താൻ ചെറുപ്പം മുതൽ അനുസരിക്കുന്നുണ്ടെന്നായിരുന്നു ചെറുപ്പക്കാരന്റെ മറുപടി. അപ്പോൾ യേശു ആ പത്താമത്തെ കല്പനയിലേക്കു വിരൽ ചൂണ്ടി. “ആട്ടേ, എങ്കിൽ മോഹിക്കരുത് എന്ന പത്താമത്തെ കൽപനയെക്കുറിച്ച് നീ എന്തു പറയുന്നു? നിനക്കു പണത്തോടുള്ള മോഹത്തെ ജയിക്കാൻ കഴിഞ്ഞിട്ടുണ്ടോ?” ആ ചോദ്യത്തിനു മുൻപിൽ തന്റെ ഹൃദയത്തിന് അതു കഴിയുന്നില്ലെന്നു കണ്ടെത്തിയ ആ ചെറുപ്പക്കാരൻ ദുഃഖിതനായി വിട്ടുപോകുകയാണു ചെയ്തത്. പകരം തനിക്ക് അതു കഴിയുന്നില്ലെന്നു സത്യസന്ധതയോടെ സമ്മതിച്ച് യേശുവിനെ തന്നെ ആ പ്രശ്നത്തിന്റെ പരിഹാരത്തിനായി ശരണം പ്രാപിച്ചിരുന്നെങ്കിൽ അവിടുന്ന് അവനെ പുതിയ ഉടമ്പടിയുടെ സാധ്യതയിലേക്ക് നയിക്കുമായിരുന്നില്ലേ? തീർച്ചയായും.

ഈ നിലയിൽ, ന്യായപ്രമാണത്തിലെ ഹൃദയസംബന്ധിയായ കൽപന തന്റെ ഹൃദയത്തിന്റെ കഴിവില്ലായ്മയിലേക്കു വിരൽ ചൂണ്ടിയെന്നു സത്യസന്ധതയോടെ സമ്മതിച്ച ഒരുവനാണു പൗലൊസ് (റോമർ 7:7,8). അതുകൊണ്ടുതന്നെ പുതിയ ഉടമ്പടിയിൽ ഇതിന് ഒരുക്കിയിരിക്കുന്ന പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചു ദൈവം പൗലൊസിനു തുടർന്നു വെളിപ്പാടു നൽകി. പുതിയ ഉടമ്പടിയിലെ ഈ സാധ്യതയെ പൗലോസ് ഇങ്ങനെയാണ് വിശദീകരിക്കുന്നത് “ന്യായപ്രമാണത്തിനു കഴിയാത്തതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനുതന്നെ” (റോമർ 8:3,4).

എന്താണ് ഇതിന്റെ അർത്ഥം? ന്യായപ്രമാണത്തിന്റെ നീതി നിറവേറ്റാൻ ഹൃദയത്തിനു കഴിയാതിരുന്നതിനെ സാധിപ്പിക്കാൻ ദൈവം ഇതാ പുതിയ ഉടമ്പടിയിൽ രണ്ട് ഉതവികൾ ഒരുക്കിയിരിക്കുന്നു. ഒന്ന്: പരിശുദ്ധാത്മാവ്. രണ്ട്: പാപ ജഡത്തിന്റെ സാദൃശ്യത്തിൽ വന്ന ദൈവപുത്രന്റെ ജീവിതമാതൃക.

പരിശുദ്ധാത്മാവ് ഹൃദയത്തിന്റെ പരിമിതികളെ അതിജീവിക്കാൻ നമ്മെ സഹായിക്കും. അതുപോലെ ജഡാവതാരം എടുത്തു ഭൂമിയിൽ വന്നിട്ടും പാപത്തിന് അരനിമിഷംപോലും കീഴ്പ്പെട്ടുപോകാഞ്ഞ യേശുവിന്റെ ജീവിത മാതൃക നമ്മെ ഉത്തേജിപ്പിക്കും. ഉവ്വ്, പുതിയ ഉടമ്പടിയിൽ ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിക്കാൻ ദൈവം ഈ രണ്ട് ഉതവികളും വെച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ദൈവപുത്രന്റെ ജീവമാതൃക പിൻതുടരുന്നുവെങ്കിൽ ദൈവത്തിനായി എരിയുന്ന ഹൃദയത്തോടെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കും.



# ബാലവേദി

## കണക്കുമാഷ്



(തുടർച്ച)

### വർക്കി സാറിന്റെ ചോദ്യങ്ങൾ

ഏതു തരത്തിലുള്ള ചോദ്യമാണ് വർക്കി സാറിന്റെ നാവിൽനിന്നു വരികയെന്നു പറയാനാകില്ലായിരുന്നു. നന്നായി പഠിക്കുന്നയാളാണെന്നു സ്വയം അഭിമാനിച്ച് മേനി നടിച്ചിരുന്ന പഠിപ്പിസ്റ്റുകളുടെ അഹങ്കാരത്തിന്റെ മുനയൊടിച്ച് അവരെ നിലയ്ക്കു നിർത്താൻ അവരോടു മാത്രമായി സാർ ചില ചോദ്യങ്ങൾ ചോദിക്കും. മിടുമിടുക്കനെന്നു സ്വയം കരുതിയിരുന്ന കുട്ടിയോട് സാർ ഒരു ദിവസം ഒരു കാര്യം ചോദിച്ചു. “ജിജ്ഞാസ എന്നാൽ എന്താണർത്ഥം?”

ഇതാണോ ചോദ്യം എന്ന മട്ടിൽ പഠിത്തക്കാരനായ പയ്യൻ ഉടൻ ഉത്തരം പറഞ്ഞു. “അറിയാനുള്ള ആഗ്രഹം!”

“അതു സമ്മതിച്ചു! എന്താണ് അറിവ്?” – സാർ വിട്ടില്ല.

അതിന് എന്തുത്തരം പറയാനാണ്! സാമർത്ഥ്യക്കാരന്റെ “ഗ്യാസ്” പോയി! നിസാരമായ ചില ചോദ്യമായിരിക്കും ചിലപ്പോൾ അദ്ദേഹം ചിലരോടു ചോദിക്കുക.

“സന്തോഷം” എന്ന വാക്കിന്റെ അർത്ഥമെന്താണ് എന്നായിരുന്നു ഒരു ചോദ്യം.

“മനസിന് സുഖം തോന്നുന്ന അവസ്ഥ!” സാർ തന്നെ ഉത്തരം പറഞ്ഞു!

ഇങ്ങനെ തത്വചിന്തകൾ പോലും സാമാന്യവത്കരിച്ച് കുട്ടികളുടെ അറിവുകളെ പലനിലകളിൽ വിശാലമാക്കിക്കൊണ്ടിരുന്നു.

### കുട്ടികളിൽനിന്നു പഠിക്കാനുണ്ട്

ചരിത്രവും കണക്കും ഭാഷയും കവിതയും മാത്രമല്ല കഥാപ്രസംഗം മുതൽ ചവിട്ടുനാടകം വരെ വർക്കിസാറിനു വഴങ്ങുമായിരുന്നു. സ്കൂൾ യൂത്ത്ഫെസ്റ്റിവലുകളിൽ സാർ പരിശീലിപ്പിച്ച കുട്ടികൾ എല്ലാ വർഷവും ഒന്നാം സ്ഥാനം വാങ്ങി.

മറ്റൊരു സന്തോഷകരമായ കാര്യം ചെറു യാത്രകളായിരുന്നു. സ്കൂളിനു സമീപത്തുകൂടി ഒഴുകുന്ന മീനച്ചിലാറിന്റെ ഉത്ഭവസ്ഥാനമായ കുടമുരുട്ടി മലയിലേക്ക് ഒരു വേനൽക്കാലത്ത് സാർ ഞങ്ങളെ കൊണ്ടുപോയത് എങ്ങനെ മറക്കാനാണ്?

അക്കാലത്ത് പുറം ലോകം കാണാൻ ഞങ്ങൾക്ക് അധികം അവസരങ്ങളും ഇല്ലായിരുന്നല്ലോ. അദ്ധ്യാപകർക്ക് ഇതൊന്നും അത്രയിഷ്ടമില്ലായിരുന്നു. അവരോടു സാർ പറഞ്ഞു: “ഇത്തരം യാത്രകളിലാണ് പരസ്പരം കൂടുതൽ അടുപ്പമുണ്ടാക്കുന്നത്. കുട്ടികളിൽനിന്നും നമുക്ക് പലതും പഠിക്കാനുണ്ട്.

### വർക്കി സാറിനെ കണ്ടവരുണ്ടോ?

വർക്കി സാർ കടന്നുപോയിട്ട് കാലം എത്രയോ കഴിഞ്ഞു! സാറിന്റെ ശിഷ്യന്മാരായ ഞങ്ങളും പല വേഷങ്ങൾ കെട്ടിയാടി.

വിശ്രാന്തിയുടെ സുഖമറിയുന്ന സമയമാണിപ്പോൾ. ഒരു സംശയം മാത്രം ബാക്കി – ഇനിയുള്ള തലമുറയ്ക്ക് ഇതുപോലൊരു വർക്കി സാറിനെ വഴികാട്ടിയായി കിട്ടുമോ? സംശയമാണ്.

## Stood up



നാമിപ്പോൾ ടിവി.യിലും സോഷ്യൽ മീഡിയയിലുമൊക്കെ നിറയെ കേൾക്കുന്ന ഒന്നാണ് Stand-up Comedian or stand-up comedy. It means a single person performing jokes on stage for the audience.

പറയാൻ വന്നത് stand up-നെക്കുറിച്ച് മാത്രമല്ല കേട്ടോ. Stand up-ന്റെ past tense ആയ stood up-ഉം ചില്ലറക്കാരനല്ല.

To get stood up or ‘to be stood up’ is when someone fail to show up for the preplanned meeting or appointment.

ചുരുക്കിപ്പറഞ്ഞാൽ നമ്മൾ ‘പോസ്റ്റാവുന്നതിനോ’ മറ്റൊരാളെ പോസ്റ്റാക്കുന്നതിനോ ഒക്കെ stood up എന്ന് പറയാം. Look at some examples.

‘‘I had an appointment with David, but I got stood up by him!’’

## വാക്കിന്റെ വേര്: തിമിയെ വിഴുങ്ങുന്ന തിമിംഗിലം

വെയ്ൽ (Whale) എന്നു വിളിക്കുന്ന കടലിലെ വമ്പന്മാരുടെ മലയാളം പേര് തിമിംഗലം അല്ല. ‘തിമിംഗിലം’ ആണ്. ‘തിമി’ എന്ന വലിയ മീനിനെ ‘ഗിലനം ചെയ്യുന്നവ അഥവാ വിഴുങ്ങുന്നവ എന്ന അർഥത്തിലാണ് തിമിംഗിലം എന്ന പേരുണ്ടായത്.



## സ്നേഹിതൻ രക്ഷകനായപ്പോൾ

1943 ഡിസംബർ. രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ട സമയം. ജർമനിയിലെ ബ്രീമന് മുകളിലൂടെ പറക്കുകയായിരുന്നു ചാർലി ബ്രൗൺ എന്ന അമേരിക്കൻ പൈലറ്റ്. തന്റെ B–17 എന്ന ബോംബർ വിമാനവുമായി ബ്രീമനിൽ നാശംവിതയ്ക്കാനായിരുന്നു ആ പോക്ക്.

B-17നെ കണ്ട് ജർമൻ പട്ടാളം അതിനുനേരെ വെടിവെച്ചു തുടങ്ങി. അതോടെ അതിലുള്ള ഒരാൾ മരിച്ചു. പൈലറ്റായ ചാർലി ബ്രൗണിന് ഗുരുതരമായി പരിക്കേറ്റു. തകരാറിലായ വിമാനം ലക്കുകെട്ടപോലെ പറക്കാൻ തുടങ്ങി.

ഒരു ജർമൻ ഫൈറ്റർ പൈലറ്റായ ഫ്രാൻസ് സ്റ്റിഗ്ലർ ഈ കാഴ്ച കണ്ടു. തന്റെ വിമാനവുമായി സ്റ്റിഗ്ലർ, B–17നെ പിന്തുടർന്നു. എന്തിനെന്നോ? തകർത്ത് തരിപ്പണമാക്കാൻ തന്നെ. പക്ഷേ, B–17ന്റെ അരികിലെത്തിയ സ്റ്റിഗ്ലർ ആ കാഴ്ച കണ്ടു. തോളിന് ഗുരുതരമായി പരിക്കേറ്റ ചാർലി ബ്രൗൺ വിമാനത്തെ നിയന്ത്രിക്കാൻ കിണഞ്ഞ് പരിശ്രമിക്കുന്നു. മുറിവേറ്റ തന്റെ സഹപ്രവർത്തകരെ എങ്ങനെയെങ്കിലും രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു ചാർലി. തങ്ങളെ പിന്തുടരുന്ന ജർമൻ വിമാനത്തെ ചാർലി കണ്ടു. അദ്ദേഹത്തിന് ഒന്നുറപ്പായി തങ്ങളുടെ അന്ത്യം അടുത്തു.

പക്ഷേ, ചാർലി ബ്രൗണിന്റെ മരണഭയം പെട്ടെന്നുതന്നെ അത്ഭുതത്തിന് വഴിമാറി. എന്തെന്നാൽ, ആ ജർമൻ വിമാനം തങ്ങളെ ആക്രമിക്കാൻ ശ്രമിക്കുന്നതേയില്ല. പകരം, അതിന്റെ പൈലറ്റ് ആംഗ്യങ്ങളിലൂടെ എന്തോ പറയാൻ നോക്കുകയാണ്.

(തുടരും)



## നാലുചക്രവും നാടുവിടും

സൈക്കിളിന്റെ ഭാവിതന്നെയായിരുന്നു മോട്ടോർ കാറുകൾക്കും ‘ഗവേഷകർ’ പ്രവചിച്ചത്.

“ജനങ്ങൾക്ക് കൈയിലൊതുങ്ങാവുന്ന വിലയിൽ കാറുകൾ നിർമ്മിക്കുന്നത് നടപ്പുള്ള കാര്യമല്ല! അതുകൊണ്ടുതന്നെ, സൈക്കിൾ ഭ്രമം പോലെ കാർഭ്രമവും കെട്ടടങ്ങും...”. ഇതായിരുന്നു 1902–ൽ വന്ന ഒരു റിപ്പാർട്ട്, എന്നാൽ, ഹെന്റി ഫോർഡ് കാറുകളിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ അതിന്റെ വിധി മാറ്റിമറിച്ചു.

## കൊണ്ടുനടക്കാനോ? കംപ്യൂട്ടറോ!

നല്ല ഭാരം, കനത്ത വില, പോരാത്തതിന് ബാറ്ററിക്ക് ആയുസ്സു തീരെ കുറവ്! ഈ ‘പോർട്ടബിൾ’ കംപ്യൂട്ടറിന് ആയുസ്സില്ല. മാത്രമല്ല, ജനങ്ങൾ എന്തിനാണ് യാത്രയിലും മറ്റും കംപ്യൂട്ടർ കൂടെ കൊണ്ടുപോകുന്നത്? യാത്രയിൽ ഒഴിവുസമയത്ത് ആളുകൾ വല്ല പത്രത്തിന്റെയും സ്പോർട്സ് പേജ് നോക്കി ഇരിക്കുകയല്ലേ ഉള്ളൂ? ലാപ്ടോപ്പിന്റെ ഭാവിയെപ്പറ്റി 1985–ൽ വന്ന ഒരു കുറിപ്പിലാണ് ഇതു പറയുന്നത്!



## അതിഥി വന്ന വഴി

അതിഥിയാണ് ശരി. ആദ്യം അതിഥി എന്ന വാക്ക് ഉണ്ടായത് എങ്ങനെയാണെന്ന് നോക്കാം. പ്രതിപദം (പ്രഥമ), ദ്വിതീയ, തൃതീയ തുടങ്ങി പതിനഞ്ച് തിഥികളുണ്ട്. ഒരു തിഥിയെന്നാൽ 24 മണിക്കൂറാണ്. ഒരു വീട്ടിൽ വന്നാൽ 24 മണിക്കൂർ നിൽക്കാത്തയാളാണ് അതിഥി. തിഥി നോക്കാതെ വരുന്നയാൾ എന്നും അർഥമുണ്ട്. നമ്മൾ വിരുന്നുകാരൻ എന്നു പറയും. അതിഥി എന്നതിന് അഥിതി എന്ന് എഴുതുന്നവരുണ്ട്. അവർ ഉച്ചരിക്കുന്നതും ചിലപ്പോൾ തെറ്റായിട്ടാവും. അപ്പോൾ ആതിഥ്യം ആഥിത്യവും ആതിഥേയൻ ആഥിതേയനും ആയിപ്പോകും. മലയാളത്തിൽ വാക്കുകളുടെ ഉച്ചാരണം പ്രധാനമാണ്.

ബ്രാഹ്മണൻ എന്നാൽ ബ്രഹ്മത്തെ അറിയുന്നവൻ എന്നാണ് അർഥം. ബ്രാഹ്മണൻ എന്ന ശരിരൂപത്തിന് പകരം ബ്രാമ്മണൻ എന്ന് പറയുകയും അങ്ങനെ തന്നെ എഴുതുകയും ചെയ്യാറുണ്ട് ചിലർ.

# യഹോശാഫാത്തിന്റെ പ്രാർത്ഥന



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

പ്രതിസന്ധികളിൽ എല്ലാവരും ദൈവത്തെ അന്വേഷിക്കുന്നവരാണ്. എന്നാൽ ഇത് യഹോശാഫാത്തിന്റെ ജീവിതസ്വഭാവമായിത്തീർന്നിരുന്നു എന്നു മുൻ അദ്ധ്യായങ്ങൾ വായിച്ചാൽ നമുക്കു കാണാൻ കഴിയുന്നതാണ്. യഹോശാഫാത്ത് തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ നടക്കുകയും ബാൽവിഗ്രഹങ്ങളെ ആശ്രയിക്കാതെ തന്റെ പിതാവിന്റെ ദൈവത്തെ അന്വേഷിക്കുകയും 2 ദിന.17:3-ൽ ആചാരാനുഷ്ഠാനത്തേക്കാൾ കല്പനകളെ അനുസരിക്കുകയും ചെയ്തു എന്നും നാം കാണുന്നു. അങ്ങനെയാണ് ദൈവത്തെ അന്വേഷിക്കേണ്ടത്. നാമും പലപ്പോഴും അന്വേഷിക്കുന്നവരാണെങ്കിലും വിട്ടുകളയേണ്ടതും ഉപേക്ഷിക്കേണ്ടതുമായ കാര്യങ്ങൾ നമ്മുടെ കൈയിൽതന്നെ ഇരിക്കും. ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിക്കുന്നതാണ് ആദ്യത്തെ പടി.

അവൻ ഒരു ഉപവാസം പ്രസിദ്ധമാക്കി. യുദ്ധത്തിനുമുമ്പെ ഉപവസിക്കുന്നതു ഭോഷത്വമല്ലേ? യുദ്ധം ചെയ്യുവാൻ ശരീരബലം അത്യാവശ്യമല്ലോ. എന്നാൽ അത് എല്ലാം ഉപേക്ഷിച്ചുള്ള അന്വേഷണമായിരുന്നു. അവന്റെ അന്വേഷണം പ്രാർഥനയിലാണ് അവസാനിച്ചത്. അവന്റെ പ്രാർഥനയും വളരെ ശ്രദ്ധേയമാണ്. പ്രാകാരത്തിന്റെ മുമ്പിൽ മുട്ടുകുത്തി. പ്രിയ ജനമേ, നാം അവനെക്കാൾ എത്ര ശ്രേഷ്ഠരാണെന്ന് ഓർത്തിട്ടുണ്ടോ? സകല മറശ്ശീലയും തിരശ്ശീലയും നീക്കി ധൈര്യത്തോടെ കൃപാസനത്തിനടുത്തു വരുവാൻ ദൈവം നമ്മോട് കാണിച്ച കരുണയ്ക്കായി എണ്ണമില്ലാതെ നാം സ്തോത്രം ചെയ്യാൻ കടപ്പെട്ടവരല്ലേ? യഹോശാഫാത്തിന് പ്രാർഥിപ്പാൻ അറിയാമായിരുന്നു. കാരണം അവൻ പ്രാർഥന-പരിചയിച്ചവൻ ആയിരുന്നു. കൃപാസനത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർഥിച്ച് പരിചയിച്ചവരാണു ദൈവത്തിന്റെ ജനം. ദൈവസാന്നിദ്ധ്യത്തിൽ നീയും പരിചയിച്ചവനായിരിക്കണം.

യഹോശാഫാത്തിന്റെ പ്രാർഥന എപ്രകാരമായിരുന്നു? നീ സ്വർഗസ്ഥനായ ദൈവമല്ലോ! എല്ലാം കാണുന്നവൻ എല്ലാം അറിയുന്നവൻ. യഹോശാഫാത്തിന് അമ്മോന്യരേയും മോവാബ്യരേയും മാത്രമാണ് ശത്രുക്കളായി കാണുവാൻ കഴിയുന്നത്. സ്വർഗത്തിലിരിക്കുന്ന ദൈവത്തിന് അവരെ മാത്രമല്ല ശത്രുക്കളുടെ കൂട്ടത്തിൽ പതിയിരിക്കുന്നവരെയും കാണാം. നാം പലപ്പോഴും കാണുന്നത് നമ്മുടെ ദുഃഖവും പ്രശ്നവും നെടുവീർപ്പുകളും ഒക്കെയാണ്. സ്വർഗത്തിലിരിക്കുന്നവൻ സകലവും കാണുന്നവനാണ്, കാരണം അവൻ ഉയരത്തിലാണ്. തന്നെയല്ല അവൻ സകലജാതികളെയും രാജ്യങ്ങളെയും ഭരിക്കുന്നവനും കൂടെയാണ്. അവൻ സകലത്തെയും സൃഷ്ടിച്ചവൻ മാത്രമല്ല സകലത്തെയും ഭരിക്കുന്ന ഏലോഹീം കുടെയാണ്. തന്നെയല്ല "ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും നിനക്കുണ്ടല്ലോ" (വാക്യം 6). ഇവിടെ ഒരുപക്ഷേ അവൻ എൽഷദ്ദായ് ആണ്. എൽഷദ്ദായ് എന്ന വാക്കിന് സകലതും നല്കുവാൻ കഴിയുന്നവൻ, സകലത്തിന്റെയും സ്രോതസ്സ് എന്നൊക്കെ അർഥം. ഷാദ്ദ് എന്ന വാക്കിന് മാതാവിന്റെ പാൽ നിറഞ്ഞ മുല എന്നർഥം. ഒരു ശിശുവിനു വേണ്ട സകലതും അമ്മയുടെ മുലപ്പാലിലുണ്ടല്ലോ. യഹോവയുടെ കൈയിൽ തന്റെ ജനത്തിനുവേണ്ടത് സകലതും ഉണ്ട് എന്ന് ആശയം. അവൻ പരാക്രമശാലിയും ആണ്. ഉല്പത്തി പുസ്തകം 17-ാം അദ്ധ്യായത്തിൽ അബ്രഹാമിനോടു സംസാരിക്കുമ്പോൾ അവൻ സർവ്വശക്തിയുള്ളവനാകുന്നു എന്ന എൽഷദ്ദായിയായിട്ടാണു തന്നെ വെളിപ്പെടുത്തുന്നത്. അവൻ സൃഷ്ടിക്കുന്നവൻ തന്നെയല്ല സൃഷ്ടിയുടെ ചലനത്തെ നിയന്ത്രിക്കുവാൻ കഴിയുന്നവനുമാണ്. സൂര്യന്റെ അസ്തമനസമയത്തെ മണിക്കുറുകൾ നീട്ടിയവനാണവൻ. അതിൽനിന്ന് എന്താണ് മനസ്സിലാക്കുന്നത്? ശത്രു സാധാരണ ചെയ്യുന്നതുപോലെ ചെയ്യാതിരിപ്പാൻ സൃഷ്ടിപ്പിന്റെ ഗതിയിൽ മാറ്റം വരുത്തുവാൻ കഴിയുന്നവനും കൂടെയാണവൻ. അവനോടാണ് പ്രാർഥിക്കുന്നത്. ഈ ദൈവമാണ് നമ്മുടെ ദൈവം നമ്മുടെ പിതാക്കന്മാരുടെ ദൈവം.



ആരാണ് പ്രാർഥിക്കുന്നത്? മക്കൾ ആണെങ്കിൽ അവകാശികളുമാണ്. ഞങ്ങൾ നിന്റെ സ്നേഹിതനായ അബ്രാഹാമിന്റെ സന്തതികളാണ് എന്നാണ് യഹൂദന്മാർ യേശുവിനോട് പറഞ്ഞത്, എന്നാൽ നാമോ വാഗ്ദത്ത സന്തതികളാണ്. അപ്പൻ ലോകപ്രകാരം എത്ര വലിയവനായിരുന്നാലും മകന് അപ്പന്റെ അടുക്കലേക്ക് പ്രവേശിക്കുവാൻ കാവൽ ഭടന്മാരുടെ അനുവാദമോ മറ്റ് തടസ്സമോ ഉണ്ടായിരിക്കയില്ല. അപ്പന്റെ അടുക്കൽ കയറാത്തവിധം പിടിച്ചുനിർത്തുവാൻ ഒരു കാവൽക്കാരനും അധികാരമില്ല. നീ മുട്ടുകുത്തുന്നത് നിന്റെ പിതാവിന്റെ സന്നിധിയിലാണ്. അതു മാത്രമല്ല യഹോശാഫാത്തും കൂട്ടരും എവിടെയായിരുന്നുവെന്നും അവർക്കറിയാം. 8-ാം വാക്യം ശ്രദ്ധിക്കുക. ദൈവമേ, നിന്റെ ജനമായ യിസ്രായേലിന്റെ മുമ്പിൽനിന്നും ഈ ദേശത്തിലെ നിവാസികളെ നീക്കിക്കളഞ്ഞ് നിന്റെ സ്നേഹിതനായ അബ്രാഹാമിന്റെ സന്തതിക്ക് ശാശ്വതാവകാശമായി കൊടുത്തതാണ്. ഞങ്ങൾ പിടിച്ചെടുത്തതല്ല, നീ ഞങ്ങൾക്ക് തന്നതാണ്. ഇത് ഏറ്റം പ്രാഗത്ഭ്യമുള്ള ഒരു പ്രാർഥനയാണ്. പ്രിയരേ, ദൈവം നമുക്കു നിർദ്ദേശിച്ചിട്ടുള്ള സ്ഥാനത്താണോ ഇപ്പോഴും നില്ക്കുന്നത്. ദൈവഹിതത്തിൽനിന്നും മാറിയിട്ടുണ്ടെങ്കിൽ പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കുന്നത് പ്രയാസമാണെന്നും കൂടെ ഓർക്കേണം, നാം എവിടെയായിരുന്നാലും, ഏതു കാര്യത്തിൽ ഏർപ്പെട്ടാലും ദൈവമക്കൾ എന്ന നിലയിൽ ഏതു കാര്യത്തിനും ദൈവത്തോട് അനുവാദം ചോദിക്കുകയും പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നതുവരെ കാത്തിരിക്കുകയും വേണം.

യഹോശാഫാത്ത് മുട്ടു മടക്കിയതുപോലെ നിങ്ങൾ മുഴങ്കാൽ മടക്കുമോ? ജോൺ നോക്സ് മുട്ടുകുത്തിയപ്പോൾ സ്കോട്ട്ലൻഡ് വിറച്ചു. ഇംഗ്ലണ്ടിലെ രാജകൊട്ടാരം ചലിച്ചു. സ്രഷ്ടാവും സൃഷ്ടിയെ ചലിപ്പിക്കുന്നവനും ആയ വലിയ ദൈവം നിന്നോട് കൂടെയുണ്ട്. യുദ്ധവീരൻ നിന്നോടു കൂടെയുണ്ട്. നിന്റെ പ്രതിസന്ധിക്ക് പറ്റിയ ആയുധം അവന്റെ പക്കലുണ്ട്. നിന്റെ തോളിൽ വച്ചു ചുമക്കാൻ കഴിയുന്നതിലധികം അനുഗ്രഹം തരുവാൻ അവന്റെ പക്കലുണ്ട്. സൈന്യവീരന്റെ പിന്നാലെ വിശുദ്ധ വസ്ത്രം ധരിച്ചുകൊണ്ട് പോകാം. ദൈവമക്കളുടെ അവകാശമായ സ്വസ്ഥത അവകാശമാക്കാം.



# പുതിയ നൂറ്റാണ്ടിലെ ലോകം




"അമ്മേ, ഒരു കഥ പറയൂ", കാരിൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "എന്തു കഥയാണ് നിനക്കു കേൾക്കേണ്ടത്". അവളുടെ അമ്മ ചോദിച്ചു. ഉടനേ അവൾ പറഞ്ഞു: "പിപ്പി ലോംഗ്സ്റ്റോക്കിംഗിനെക്കുറിച്ചുള്ള കഥ."

കാരിൻ വെറുതേ പെട്ടെന്നു കെട്ടിച്ചമച്ച ഒരു പേരായിരുന്നു പിപ്പി ലോംഗ്സ്റ്റോക്കിംഗ്. അങ്ങനെയൊരു പേരിലുള്ള കഥ ആരെങ്കിലും പറഞ്ഞതായിട്ടോ കേട്ടതായിട്ടോ ലിൻഡ്ഗ്രെന്നിനു അറിയില്ലായിരുന്നു. എങ്കിലും ലിൻഡ്ഗ്രെൻ അന്നു ലോംഗ്സ്റ്റോക്കിംഗിനെക്കുറിച്ചുള്ള കഥ പറയാൻ തുടങ്ങി. പലതവണ പറഞ്ഞുപറഞ്ഞ് ആ കഥ വളരെ വലുതായി.

കാരിനു അസുഖം വന്നിട്ടു മൂന്നുവർഷം കഴിഞ്ഞപ്പോൾ 1944 മാർച്ചിൽ ലിൻഡ്ഗ്രെൻ മഞ്ഞിൽ തെന്നിവീണു കാലൊടിഞ്ഞ് ആശുപത്രിയിലായി. ആശുപത്രിയിൽ കിടന്ന അവസരത്തിൽ സമയം കളയാൻവേണ്ടി എന്ന രീതിയിൽ ലിൻഡ്ഗ്രെൻ ലോംഗ്സ്റ്റോക്കിംഗിന്റെ കഥ കടലാസിലേക്കു പകർത്തുവാൻ തുടങ്ങി. കാരിന്റെ പത്താം ജന്മദിനത്തിൽ ലിൻഡ്ഗ്രെൻ ആ കഥ പൂർത്തിയാക്കി ഒരു പുസ്തകപ്രസാധകന് അയച്ചുകൊടുത്തു.

ലിൻഡ്ഗ്രെൻ എഴുതിയ ആദ്യത്തെ ഈ കഥ ഒരു മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായതോടൊപ്പം പ്രസാധകരംഗത്തും അതു വലിയൊരു വിജയമായി. ബാലസാഹിത്യത്തിൽ ഈ പുസ്തകം ഒരു ക്ലാസിക്കായി മാറി.



ലോംഗ്സ്റ്റോക്കിംഗിന്റെ കഥ എഴുതിയ സ്വീഡിഷ് സാഹിത്യകാരി ലിൻഡ്ഗ്രെൻ ഇതിനകം അമ്പതിലേറെ ബാലസാഹിത്യ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

ലോകത്തിൽ ഏതേതു മൂല്യങ്ങൾക്കായിരിക്കണം നാം പ്രാധാന്യം നൽകേണ്ടത് എന്ന അന്വേഷണവുമായി ഇറങ്ങിത്തിരിച്ച അമേരിക്കൻ ജേർണലിസ്റ്റ് റഷ്വർത്ത് കിഡർ തന്റെ അന്വേഷണത്തിനിടയിൽ ലിൻഡ്ഗ്രെന്റെ മുമ്പിലുമെത്തി. സ്റ്റോക്ക് ഹോമിലുള്ള ഒരു അപ്പാർട്ടുമെന്റിൽ വച്ചു റഷ്വർത്ത് ചുക്കിച്ചുളിഞ്ഞതെങ്കിലും പ്രസരിപ്പുള്ള മുഖത്തിനുടമയായ ലിൻഡ്ഗ്രെന്നിനോടു ചോദിച്ചു: "ഈ നൂറ്റാണ്ടിൽ നമുക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂല്യമേതായിരിക്കണം?"

"സ്നേഹം" അവർ മറുപടി പറഞ്ഞു. "സ്നേഹം എല്ലാ ആളുകൾക്കും എല്ലാ രംഗങ്ങളിലും ഉണ്ടാകണം."

ഇരുപത്തിരണ്ടാം നൂറ്റാണ്ടിലേക്കു കടന്നിരിക്കുന്ന ലോകത്തിൽ ഏറ്റവും കൂടുതലായി ഉണ്ടായിരിക്കേണ്ടതു സ്നേഹമാണെന്നു പറയുന്നതിൽ ലിൻഡ്ഗ്രെൻ ഏകയല്ല.

ആഗോള തലത്തിൽ ഇരുപത്തിനാലു പ്രമുഖരെ റഷ്വർത്ത് ഇന്റർവ്യൂ നടത്തിയപ്പോൾ അവരിൽ ഏറെപ്പേരും ആദ്യം ചൂണ്ടിക്കാണിച്ച മൂല്യം സ്നേഹം തന്നെയായിരുന്നു. മൊസാമ്പിക്കിൽനിന്നുള്ള ഗ്രേക്കമഷേലും ടോക്കിയോയിൽനിന്നുള്ള ഷോജൻ ബാൻഡോയും ചൈനയിൽനിന്നുള്ള നീയെൻ ചെങ്ങുമൊക്കെ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്ത മൂല്യം സ്നേഹം തന്നെയായിരുന്നു.

മത-ആധ്യാത്മിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖരെയായിരുന്നില്ല റഷ്വർത്ത് ഇന്റർവ്യൂ ചെയ്തത്. എന്നിട്ടുമെന്തേ അവരെല്ലാവരുംതന്നെ സ്നേഹത്തിനു പുതിയ നുറ്റാണ്ടിൽ ഇത്രയേറെ പ്രാധാന്യം കൊടുത്തു?

ലോകത്തിലെ നല്ലൊരുഭാഗം ജനങ്ങൾ ദാരിദ്ര്യവും മറ്റു ക്ലേശങ്ങളും അനുഭവിക്കുമ്പോൾ ദാരിദ്ര്യവും രോഗവുമൊക്കെ അകറ്റി സമ്പന്നമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിലായിരിക്കേണ്ടേ നാം യഥാർത്ഥത്തിൽ ശ്രദ്ധിക്കേണ്ടത്? ഇക്കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ, ഇങ്ങനെയൊക്കെ സംഭവിക്കണമെങ്കിൽ നമ്മിൽ ആദ്യം ഉണ്ടാകേണ്ടതു സ്നേഹമാണെന്നു റഷ്വർത്ത് ഇന്റർവ്യൂ ചെയ്തവരിലെ ഏറെപ്പേരും വാദിക്കുന്നു.

ഒറ്റനോട്ടത്തിൽത്തന്നെ നാം അംഗീകരിച്ചാദരിക്കേണ്ട വാദഗതിയാണിത്. കാരണം, ഇന്നു ലോകത്തിൽ കാണുന്ന പ്രശ്നങ്ങളുടെ മൂലകാരണം സ്നേഹത്തിന്റെ അഭാവമാണ് എന്ന് ആർക്കാണറിയില്ലാത്തത്? വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമൊക്കെ പരസ്പരം സ്നേഹിക്കാനും സഹായിക്കാനും സന്നദ്ധതയില്ലാത്തതുകൊണ്ടല്ലേ നമ്മുടെ ലോകത്തിൽ ഇന്ന് ഇത്രയേറെ പ്രശ്നങ്ങളുള്ളത്?

പുതിയ നൂറ്റാണ്ടിലെ ലോകം പ്രാവർത്തികമാക്കേണ്ട മറ്റു മൂല്യങ്ങളുടെ ഒരു ലിസ്റ്റും തന്റെ ഇന്റർവ്യൂവുകളുടെ അടിസ്ഥാനത്തിൽ റഷ്വർത്ത് നല്കുന്നുണ്ട്. 1994ൽ പുറത്തിറങ്ങിയ 'ഷെയേർഡ് വാല്യൂസ് ഫോർ എ ട്രബിൾഡ് വേൾഡ്' എന്ന ഗ്രന്ഥത്തിൽ റഷ്വർത്ത് നല്കുന്ന ആ മൂല്യങ്ങൾ ഇവയാണ്. സത്യസന്ധത, നീതി, സ്വാതന്ത്ര്യം, കൂട്ടായ്മ, സഹിഷ്ണുത, ഉത്തരവാദിത്വബോധം, ജീവനോടു ബഹുമാനം. എന്നാൽ, ഇവയെക്കാളെല്ലാം പ്രധാനപ്പെട്ടതു സ്നേഹം തന്നെ എന്നു റഷ്വർത്ത് ചൂണ്ടിക്കാട്ടുന്നു. സ്നേഹത്തിൽനിന്നാണത്രേ ഇവയെല്ലാം പുറപ്പെടേണ്ടത്.

വേദപുസ്തകത്തിൽ ഏറ്റവും അധികം പ്രാധാന്യം നല്കിയിരിക്കുന്ന വാക്കാണ് സ്നേഹം. ദൈവം സ്നേഹമാകുന്നു എന്ന് പറയുക മാത്രമല്ല, സ്വന്തജീവനെ മാനവരക്ഷയ്ക്കായി നല്കിക്കൊണ്ട് ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തി. ഈ സ്നേഹം നമ്മിൽ വെളിപ്പെടുന്നില്ലായെങ്കിൽ ക്രിസ്തീയ ജീവിതം വ്യർത്ഥമാണെന്നാണ് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നത്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598





# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച

**ക്രി**സ്ത്യാനികൾക്കെതിരെ ജനരോഷം ഇളക്കി വിടുന്നതിൽ യഹൂദർക്കു വലിയ പങ്കുണ്ടായിരുന്നു. അപ്പസ്തോലപ്രവൃത്തികളിൽ വിവരിച്ചിരിക്കുന്ന വി. പൗലോസിന്റെ അനുഭവങ്ങൾ ഇതിനു തെളിവാണ് (അപ്പ13:45, 14:2) ഏ.ഡി. 70-ൽ ജറുസലെം നശിപ്പിക്കപ്പെട്ടതിനുശേഷം യാംനിയായിലെ ഫരിസേയ പണ്ഡിതന്മാരുടെ തീരുമാനം യഹൂദരും ക്രിസ്ത്യാനികളും തമ്മിലുള്ള വിടവു വർദ്ധിപ്പിച്ചു. യഹൂദരുടെ പ്രാർത്ഥനാലയങ്ങളായ സിനഗോഗുകൾ ക്രിസ്ത്യാനികൾക്കെതിരെ നുണകൾ പ്രചരിപ്പിക്കുകയും വിജാതീയരെ ഇളക്കിവിട്ട് അവരെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ കേന്ദ്രങ്ങളായിത്തീർന്നു. ക്രിസ്തുവിനെ തള്ളിപ്പറയുകയും ക്രിസ്തുവിലൂടെ ദൈവം നല്കുന്ന രക്ഷ തിരസ്കരിക്കുകയും ചെയ്തതിനാൽ യഹൂർ ദൈവജനം (സംഖ്യ 16:3) എന്ന പദവി നഷ്ടപ്പെടുത്തിയിരിക്കുന്നുവെന്നും തങ്ങളാണ് യഥാർത്ഥജനമെന്നും ക്രിസ്ത്യാനികൾ വാദിച്ചു. ഈ നിലപാടാണ് സാത്താന്റെ സിനഗോഗ് എന്ന പദപ്രയോഗത്തിലൂടെ പ്രത്യക്ഷമാകുന്നത്. സമൂഹം എന്നാണ് സിനഗോഗ് എന്ന പദത്തിന്റെ വാച്യാർത്ഥം. അവർ ദൈവത്തിന്റെ സമൂഹമല്ല, സാത്താന്റെ സമൂഹമാണ്.

അബ്രഹാമിൽ നിന്നു ശാരീരികമായി ജനിച്ചതുകൊണ്ടുമാത്രം ആരും ദൈവജനമാകുന്നില്ല എന്ന് വി. പൗലോസ് പഠിപ്പിച്ചു (റോമാ 9:6). ദൈവം നല്കുന്ന രക്ഷ തിരസ്ക്കരിക്കുന്നതിനാൽ യഹൂദർ ദൈവത്തിനെതിരായി നിലകൊള്ളുന്നു. അതിനാൽ ഇനി അവർ ദൈവത്തിന്റെ സമൂഹമല്ല, സാത്താന്റെ സമൂഹമാണ്. യേശുവിന്റെതന്നെ വാക്കുകളിൽനിന്നു രൂപംകൊണ്ടതാണ് ഈ ആശയം (യോഹ. 8:44). ശത്രു, കുറ്റം ആരോപിക്കുന്നവൻ, കലഹം സൃഷ്ടിക്കുന്നവൻ എന്നൊക്കെയാണ് സാത്താൻ എന്ന പദത്തിന്റെ അർത്ഥം. മേൽ വിവരിച്ച നിലപാടിന്റെ പേരിൽ യഹൂദർക്കു ചേരുന്നതാണ് ഈ പേരെന്നു ക്രൈസ്തവർ കരുതി.

**2:10,** യഹൂദരിലൂടെയും വിജാതീയരിലൂടെയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവായ സാത്താൻ തന്നെയാണ്. പീഡനം ഇനിയും രൂക്ഷമാകാനിരിക്കുന്നതേയുള്ളൂ. തടവിലാക്കുന്നത് വധശിക്ഷയ്ക്കോ നാടുകടത്തലിനോ ഉള്ള ആദ്യത്തെ പടിയാണ്. തടവറകളിൽത്തന്നെ ക്രൂരമായ പീഡനം നടന്നിരുന്നു. ഇതെല്ലാം ക്രിസ്തുവിനോടുള്ള വിശ്വസ്തതയെ തെളിയിക്കാനുള്ള അവസരമായിരുന്നു. പീഡനങ്ങളിലൂടെ പരീക്ഷിക്കപ്പെടുമ്പോഴാണ് വിശ്വാസത്തിന്റെ മാറ്റു തെളിയുന്നത്. ഈ ഞെരുക്കങ്ങൾ താല്കാലികമായിരിക്കും. ഹ്രസ്വകാലത്തെ സൂചിപ്പിക്കുന്നതാണ് പത്തുദിവസം എന്ന പദപ്രയോഗം.

വിശ്വാസത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുത്തുന്ന ക്രിസ്ത്യാനികൾക്കു നാഥൻ നല്കുന്നത് നിത്യജീവന്റെ കിരീടമാണ്. ഏഷ്യയുടെ കിരീടം എന്നറിയപ്പെട്ടിരുന്ന സ്മിർണായിലെ വിശ്വാസികൾക്കാണ് ക്രിസ്തുനാഥൻ ജീവന്റെ കിരീടം വാഗ്ദാനം ചെയ്യുന്നത്. രാജാക്കന്മാർ അണിയുന്ന സ്വർണ്ണകിരീടമല്ല. മത്സരങ്ങളിൽ വിജയം വരിക്കുന്നവർക്കു ലഭിക്കുന്ന കിരീടമാണ് ഇവിടെ വിവക്ഷിക്കപ്പെടുക. മത്സരങ്ങളിൽ വിജയിക്കുന്നവർക്കു കിട്ടുന്ന കിരീടം വാടിപ്പോകും. എന്നാൽ ക്രിസ്തു നല്കുന്ന കിരീടം ഒളിമങ്ങാതെ എന്നും പ്രകാശിക്കും (1 കൊരി.9:25; 1 പത്രോ. 5:4; 2 തിമോ. 4:8).

**2:11,** ക്രിസ്തുവിന്റെ പേരിൽ മരണം വരിക്കുന്നതുതന്നെയാണ് വിജയം. ശാരീരികമായ മരണത്തിലൂടെ ക്രൂശിതനോടു താദാത്മ്യപ്പെടുകയും മരണത്തിന്മേൽ വിജയം വരിക്കുകയും ചെയ്തവർക്ക് നിത്യജീവൻ സമ്മാനമായി ലഭിക്കും. നിത്യശിക്ഷയാകുന്ന രണ്ടാമത്തെ മരണം (വെളി.20:14) അവർക്കുണ്ടാവുകയില്ല. ഈ വാഗ്ദാനമാണ് വിശ്വാസികൾക്കു ധൈര്യം പകരുന്നത്. ഈ പ്രത്യാശയാണ് ക്രിസ്തുവിനോടു വിശ്വസ്തത പാലിക്കാൻ അവരെ ശക്തരാക്കുന്നത്.

### വെളിപാട് 2:12-17, പേർഗാമോസിലെ സഭയ്ക്ക്

സ്മിർണായിൽനിന്ന് ഏകദേശം 70 കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന പെർഗാമോസ് നഗരം പേർഗാമോസ് രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു (വാ. 12). അവസാനത്തെ രാജാവായ അറ്റലാസ് പേർഗാമോസ് രാജ്യം റോമാക്കാർക്ക് ഇഷ്ടദാനമായി നല്കിയപ്പോൾ ഈ നഗരം റോമൻ പ്രവിശ്യയായ ഏഷ്യയുടെ തലസ്ഥാനമായിത്തീർന്നു. പെർഗാമോസ് പ്രസിദ്ധിയാർജ്ജിച്ചത് മതപരവും സാംസ്കാരികവുമായ മേഖലകളിലാണ്. രണ്ടു ലക്ഷത്തിൽപരം വാല്യങ്ങൾ സൂക്ഷിച്ചിരുന്ന അവിടുത്തെ ഗ്രന്ഥശാല അലക്സാണ്ട്രിയായിലേതിനുമാത്രം പിന്നിലായിരുന്നു. പപ്പീറസിനു പകരം എഴുത്തുകടലാസായി സംസ്കരിച്ച തുകൽ (parchment) കണ്ടുപിടിച്ചത് പെർഗാമോസ് ആണ്. "പെർഗാമോസിലെ കടലാസ്" എന്നാണ് ഈ തുകൽ അറിയപ്പെട്ടിരുന്നത്.

പെർഗാമോസിൽ അധിവസിച്ചിരുന്ന ഗവർണർക്ക് വധശിക്ഷ നല്കാനുള്ള അധികാരമുണ്ടായിരുന്നു. വാളിന്റെ അധികാരം (gladii) എന്ന് അറിയപ്പെട്ടിരുന്ന ഈ അധികാരം എല്ലാ റോമൻ ഗവർണർമാർക്കും ഉണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിലാവണം ക്രിസ്തുവിനെ മൂർച്ചയേറിയ ഇരുവായ്ത്തല വാളുള്ളവൻ എന്നു വിശേഷിപ്പിക്കുന്നത്. ദൈവവചനത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (എബ്രാ. 4:12). റോമൻ ഗവർണറുടേതിനേക്കാൾ വലിയ അധികാരമുള്ളവനാണ് സഭയുടെ നാഥനായ ക്രിസ്തു.

**2:17,** പ്രചാരത്തിലിരിക്കുന്ന ഒരാചാരത്തിന്റെ വെളിച്ചത്തിൽ വെള്ളക്കല്ലിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരുണ്ട്. അപകടങ്ങൾ ഒഴിവാക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനുമായി ശക്തനായ ഒരു മധ്യസ്ഥന്റെ (ദേവന്റെ) പേരെഴുതിയ തകിടോ, കല്ലോ മനുഷ്യർ ശരീരത്തിൽ ധരിക്കുന്ന ആചാരമാണിത്. ദേവന്റെയോ അസുരന്റെയോ പേര് അറിയാമെങ്കിൽ ആ ശക്തിയുടെമേൽ സ്വാധീനം ലഭിക്കുമെന്നും മറ്റാർക്കും ആ പേര് അറിയില്ലെങ്കിൽ സ്വാധീനവും ശക്തിയും അത്രയേറെ വലുതായിരിക്കുമെന്നും ഉള്ള മാന്ത്രികചിന്ത ഇതിനു പിന്നിലുണ്ട്. ഈ വിശദീകരണം സ്വീകരിച്ചാൽ ക്രിസ്തു നല്കുന്ന വെള്ളക്കല്ല് എല്ലാ അപകടങ്ങളിൽ നിന്നും രക്ഷിക്കാൻ ശക്തിയുള്ളതാണ്, കാരണം അതിൽ എഴുതിയിരിക്കുന്നത് ക്രിസ്തുവിന്റെ തന്നെ നാമമാണ്.

മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് നല്കപ്പെടുന്ന സാക്ഷ്യപത്രവുമായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭിച്ചവർക്ക് ഏതു മത്സരവും കാണാൻ സൗജന്യമായി പ്രവേശനം അനുവദിച്ചിരുന്നു. ക്രിസ്തു തന്റെ വിശ്വസ്തർക്ക് വിജയത്തിന്റെ സാക്ഷ്യപത്രം നല്കും. അത് അവരെ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാക്കും എന്നൊരു വ്യാഖ്യാനവും ഇതിനു നൽകുന്നുണ്ട് (തുടരും)



# വെളിപ്പാടിന്റെ ചരിത്രം

തുടർച്ച



**പ**ട്ടാളവിപ്ലവത്തിനു നടുവിലാണ് നീറോ ആത്മഹത്യ ചെയ്യാൻ നിർബന്ധിതനായത്. തുടർന്ന് ഒരുവർഷത്തിനുള്ളിൽ ഗാല്ബ, ഓത്തോ, വിത്തേള്ളിയൂസ് എന്നീ മൂന്നു സൈന്യാധിപന്മാർ ചക്രവർത്തിയുടെ സിംഹാസനത്തിൽ കയറി എതിരാളിയുടെ വാളിനിരയായി. ജറുസലെം (jerusalem) നഗരത്തിന് ഉപരോധമേർപ്പെടുത്തിയ റോമൻ സൈന്യത്തെ നയിച്ചിരുന്ന വെസ്പാസിയാൻ ആണ് ഈ ആഭ്യന്തരകലാപത്തിന് അറുതി വരുത്തിയത്. പത്തു വർഷത്തെ ഭരണത്തിനുശേഷം വെസ്പാസിയാൻ മരിച്ചപ്പോൾ (69-79) മകൻ ടൈറ്റസ് ചക്രവർത്തിയായി (79-81). ടൈറ്റസിന്റ അകാല മരണത്തെ തുടർന്ന് അനുജൻ ഡൊമീഷ്യൻ ഭരണം ഏറ്റെടുത്തു.

നീറോ വ്യർത്ഥാഭിമാനം മുറ്റിയ ഒരു ഭ്രാന്തനായിരുന്നങ്കിൽ കുശാഗ്രബുദ്ധിയായ ഒരു പിശാചായിരുന്നു ഡൊമീഷ്യൻ എന്നാണ് ചരിത്രകാരന്മാർ വിധിയെഴുതിയത്. അനേകം ജനതകളും രാജ്യങ്ങളും അടങ്ങുന്നതായിരുന്നു റോമാ സാമ്രാജ്യം. യൂഫ്രട്ടീസ് നദി മുതൽ അറ്റ്ലാന്റിക്ക് സമുദ്രം വരെയും ബ്രിട്ടൺ മുതൽ എത്യോപ്യവരെയൂം മൂന്നു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന, ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ ഏറ്റം വിശാലമായ, സാമ്രാജ്യത്തെ ഒരുമിച്ചു നിർത്തുക എളുപ്പമായിരുന്നില്ല. മതവികാരം മറ്റേതു സാമൂഹിക വികാരത്തെക്കാൾ ശക്തമാണെന്നു മനസ്സിലാക്കിയിരുന്ന ഡൊമീഷ്യൻ സാമ്രാജ്യത്തെ ഒരു മതാചാരത്തിന്റെ ചട്ടക്കുട്ടിൽ ഐക്യപ്പെടുത്താൻ ശ്രമിച്ചു. രാജാരാധനയാണ് ഇതിനായി കണ്ടുപിടിച്ച മാർഗ്ഗം.

ഡൊമീഷ്യന്റെ ഭാവനയിൽ പൊടുന്നനെ പൊട്ടി വിടർന്നതല്ല ഈ ആശയം. ലോകം മുഴുവൻ കീഴടക്കി, സമാധാനവും നീതിയും സ്ഥാപിച്ച്, ഭരണം നടത്തുന്ന റോമാ സാമ്രാജ്യത്തോടുള്ള ഭക്തിയും ആദരവും ആയിട്ടാണ് ഇതാരംഭിച്ചത്. ഏഷ്യാ മൈനറിലായിരുന്നു ഇതിന്റെ തുടക്കം. സ്മിർണാ പട്ടണത്തിൽ ബി.സി. 95-ൽ തന്നെ റോമാദേവതയ്ക്കുവേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ച് ആരാധനയാരംഭിച്ചിരുന്നു.

കാലക്രമത്തിൽ, റോമിനുള്ള ആരാധന ചക്രവർത്തിയ്ക്കുള്ള ആരാധനയായി രൂപാന്തരപ്പെട്ടു. ജൂലിയസ് സീസറെ മരണശേഷം റോമൻ സെനറ്റ് ദൈവമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ നാമത്തിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ആരാധനയർപ്പിച്ചു. സീസറിന്റെ വധത്തിനു ശേഷമുണ്ടായ ആഭ്യന്തര കലാപം ഒതുക്കി സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ച ഒക്ടേവിയന് റോമൻ സെനറ്റ് അഗസ്റ്റസ് എന്ന പേരിൽ ദൈവിക ബഹുമതി നല്കി. ഏഷ്യാ മൈനറിലെ പല പ്രവിശ്യകളിലും തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ബലിയർപ്പണം നടത്താൻ ചക്രവർത്തി തന്നെ അനുവാദം നല്കി. സാവധാനം രാജാരാധനയ്ക്ക് ഒരു മതത്തിന്റെ രൂപഭാവങ്ങൾ കൈവന്നു. ക്ഷേത്രങ്ങളും പുരോഹിതന്മാരും ആരാധനക്രമങ്ങളും നിലവിൽ വന്നു.

അഗസ്റ്റസിനുശേഷം ചക്രവർത്തിയായ ടൈബീരിയസ് (ഏ.ഡി. 14-37) തനിക്ക് ആരാധന അർപ്പിക്കാനോ തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിക്കാനോ അനുവധിച്ചില്ല. തുടർന്ന് അധികാരമേറ്റ കലിഗുള (37-41) സാമ്രാജ്യത്തിലുള്ള എല്ലാവരും തന്നെ ദൈവമായി ആരാധിക്കണം എന്നു നിർബന്ധിച്ചു. ജറുസലേം ദേവാലയത്തിൽ തന്റെ വിഗ്രഹം പ്രതിഷ്ഠിക്കാൻപോലും അദ്ദേഹം ശ്രമിച്ചു. ക്ലോഡിയസ് (41-54) ഇതിനു കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. രാജാരാധന അദ്ദേഹം നിരോധിച്ചു. നീറോ (54-88) താൻ ദൈവമാണെന്ന് അവകാശപ്പെട്ടില്ല. ആരാധന ആവശ്യപ്പെട്ടുമില്ല. വെസ്പാസിയാനും (69-79) ടൈറ്റസും (79-81) ആരാധന ആഗ്രഹിച്ചില്ല. എന്നാൽ ഡൊമീഷ്യൻ (81-96) രാജാരാധന നിർബന്ധമാക്കി.

ഇതുവരെയുണ്ടായിരുന്ന ചക്രവർത്തിമാർക്ക് റോമൻ സെനറ്റും ജനങ്ങളും ദൈവികപദവി നല്കിയപ്പോൾ ഡൊമീഷൻ ആ ബഹുമതി സ്വയം ഏറ്റെടുക്കുകയായിരുന്നു. താൻ ദൈവമാണെന്ന് ഒരു കല്പനയിലൂടെ സാമ്രാജ്യത്തുടനീളം വിളംബരം ചെയ്തു. തന്നെ "ഞങ്ങളുടെ കർത്താവും ദൈവവും" എന്ന് എല്ലാവരും അഭിസംബോധന ചെയ്യണം എന്ന് അദ്ദേഹം നിർബന്ധിച്ചു. രാജശാസനങ്ങളെല്ലാം "കർത്താവും ദൈവവുമായ ചക്രവർത്തി കല്പ്പിക്കുന്നു" എന്ന ആമുഖത്തോടെ തുടങ്ങണം എന്നും നിയമമുണ്ടായി. രാജഭക്തിയുടെ പ്രകടനമായി ആണ്ടിൽ ഒരിക്കൽ റോമാ സാമ്രാജ്യത്തിലെ എല്ലാ പൗരന്മാരും നഗരാധിപന്റെ മുമ്പിൽ വച്ച് രാജാവിന്റെ വിഗ്രഹത്തിന് ധൂപമർപ്പിക്കുകയും "സീസർ കർത്താവും ദൈവവുമാകുന്നു" എന്ന് ഏറ്റുപറയുകയും ചെയ്യണം എന്നു കല്പ്പിച്ചു. ഇതിനു വിസമ്മതിക്കുന്നവർ നിരീശ്വരന്മാരും രാജ്യദ്രോഹികളും ആയി പ്രഖ്യാപിക്കപ്പെട്ടു. അവർക്ക് ജീവിക്കാൻ അവകാശമുണ്ടായിരുന്നില്ല. ഏഷ്യാമൈനറിലാണ് ഈ നിയമം ഏറ്റവും ശക്തമായി നടപ്പിലാക്കപ്പെട്ടത്.

### 4. സഭ പ്രതിസന്ധിയിൽ

റോമാസാമ്രാജ്യത്തിൽ നിലവിലിരുന്ന അനേകം മതങ്ങളെ ഉന്മൂലനം ചെയ്ത് പുതിയൊരു മതം സ്ഥാപിക്കുക ആയിരുന്നില്ല ഡൊമീഷ്യന്റെ ലക്ഷ്യം. സാമ്രാജ്യത്തിന്റെ ഐക്യദാർഢ്യമാണ് ചക്രവർത്തി ഉന്നംവച്ചത്. എല്ലാ ജനതകൾക്കും താന്താങ്ങളുടെ മതവിശ്വാസമനുസരിച്ചു ജീവിക്കാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ എല്ലാവരും ചക്രവർത്തിയെയും ദൈവമായി ആരാധിക്കണം എന്നുമാത്രം. രാജഭക്തിയും സാമ്രാജ്യത്തോടുള്ള കൂറും പ്രഖ്യാപിക്കാനുള്ള മാർഗ്ഗമായിട്ടാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ബഹുദൈവാരാധനക്കാരായ ഇതരമതസ്ഥർക്ക് ഇതൊരു പ്രശ്നമായിരുന്നില്ല. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതൊരു നിർണ്ണായക പ്രതിസന്ധിയായിത്തീർന്നു. (തുടരും)



# അനുസരണം വിധേയത്വമല്ല



"വിധേയത്വം പൗരോഹിത്യത്തിന്റെ തേജസ്' എന്ന തലക്കെട്ടിൽ ഡോ. തോമസ് മൂലയിൽ എഴുതിയ പ്രതികരണം വായിച്ചതുകൊണ്ടാണ് ഇങ്ങിനെ ഒരു ലേഖനം എഴുതാൻ നിർബന്ധിതനായത്.

ക്രിസ്ത്യാനി അനുസരിക്കേണ്ടത് ആരെയാണ്? ഇത്തരമൊരു ചോദ്യത്തിന് അനിതരസാധാരണമായ പ്രാധാന്യം ലഭിക്കുന്ന കാലഘട്ടമാണിത്. അനുസരണമെന്നാൽ അതു സാമാന്യമായ വിധേയത്വമാണെന്നും, അവസാനവാക്ക് അധികാരി പറയുന്നതു മാത്രമാണെന്നും, മറിച്ചുള്ള ചോദ്യങ്ങളൊന്നും കൂടാതെ അധികാരിയെ അനുസരിക്കുക മാത്രമാണ് കരണീയമെന്നും കരുതുന്ന ക്രൈസ്തവ വിശ്വാസികൾ ഏറെയുള്ള നാടാണ് നമ്മുടേത്.

അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം (1 ശമു. 15:22) എന്ന ബൈബിൾ വചനം ആരാധനാകേന്ദ്രങ്ങളിൽ നിന്ന് അടിക്കടി കേട്ടുവളർന്ന വിശ്വാസികൾ ഒരിക്കൽ പോലും ഈ വാചകത്തിന്റെ പൊരുൾ തേടി പോയില്ല. പിരമിഡ് പോലുള്ള ഒരു ഭരണ സംവിധാനത്തിന്റെ അധികാരശ്രേണി ഇളക്കം തട്ടാതെ പിടിച്ചു നിർത്താൻ ദൈവദാസന്മാർ വഴി ഈ വചനത്തിന്റെ യാഥാർഥ്യം വളച്ചൊടിച്ച് വിശ്വാസികൾക്ക് മുന്നിൽ അവതരിപ്പിക്കുകയായിരുന്നു എന്നതാണ് സത്യം. വിശ്വാസികൾ ഇടയന്മാരെയും, ഇടയന്മാർ തനിക്കു മുകളിലുള്ളവരെയും, അവർ അവർക്ക് മുകളിലുള്ളവരെയും അന്ധമായി അനുസരിക്കണം എന്ന അജൻഡ ബോധപൂർവം നടപ്പാക്കുകയായിരുന്നു ഇത്തരം വളച്ചൊടിക്കലുകൾക്കു പിന്നിലെ ലക്ഷ്യം.



യഥാർത്ഥത്തിൽ ശമുവേലിന്റെ പുസ്തകത്തിലെ ഈ വചനം പോലും അധികാരികളെ അനുസരിക്കണം എന്നു പറയുന്നതല്ല. മറിച്ച് ശൗൽ എന്ന രാജാവ് ദൈവകൽപന ലംഘിച്ച് കൊള്ളമുതൽ മോഷ്ടിച്ചതിനെതിരേ ദൈവം കൊടുത്ത താക്കീതാണത്. ദൈവത്തിന് ബലിയർപ്പിക്കാൻ എന്ന പേരിൽ മേദസ്സുള്ള മൃഗങ്ങളെയും കുഞ്ഞാടുകളെയും ശൗൽ മോഷ്ടിച്ചു. ദൈവത്തിന്റെ പേരിൽ മോഷണം നടത്തിയ അധികാരിയോടാണ് 'അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം' എന്ന് ശമുവേൽ വഴി ദൈവം പറഞ്ഞത്.

പുതിയനിയമത്തിന് അനുസരണത്തെക്കുറിച്ച് ഒത്തിരിയേറെ പറയാനുണ്ട്. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ അനുസരണമാണ്. എന്നാൽ, അതൊരിക്കലും മതാധികാരികളെ അനുസരിക്കുന്നതല്ല. മറിച്ച് അത് ദൈവകൽപനകൾ അനുസരിക്കുന്നതാണ്. ക്രിസ്തുവിനെക്കുറിച്ച് ഫിലിപ്പിയർക്കുള്ള ലേഖനം പറയുന്നത് ഇങ്ങിനെയാണ്: "മരണംവരെ – അതേ, കുരിശുമരണം വരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലിപ്പി 2:8). പിതാവായ ദൈവത്തിന്റെ കൽപന അനുസരിക്കാൻ മാത്രമായി കുരിശുമരണം പുൽകിയ ക്രിസ്തുവിന്റെ പിൻഗാമികളാണ് ക്രിസ്ത്യാനികൾ. ക്രിസ്ത്യാനി –അവൻ ക്രിസ്തുവിന്റെ അനുയായിയാണ്. മറ്റാരുടെയുമല്ലാ എന്നർഥം. ഇടയ ശുശ്രൂഷ ചെയ്യുന്നവർ ഒരിക്കലും വിശ്വാസികളുടെ ഭൗതിക ജീവിതത്തിന്റെ അധികാരികളല്ല. അവകാശികളുമല്ല.


യേശു ശിഷ്യൻമാരെ പഠിപ്പിച്ച അനുസരണം ഇങ്ങിനെയായിരുന്നു "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ.16:24).

അവൻ പറഞ്ഞത് അന്ന് ആ നാട്ടിലുണ്ടായിരുന്ന മതാധികാരികൾക്ക് കീഴ്പ്പെടാനായിരുന്നില്ല എന്നതു വ്യക്തം. അവൻ വീണ്ടും പറഞ്ഞു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും." (യോഹന്നാൻ 14:15). മാത്രമല്ല, ക്രിസ്ത്യാനി ഇനിയും മോശയുടെ കൽപനകളെ അനുസരിക്കേണ്ടവനല്ലെന്നും ക്രിസ്തുവിന്റെ കൽപനകളാണനുസരിക്കേണ്ടതെന്നും അവൻ പഠിപ്പിച്ചു. മോശയുടെ കൽപനകൾ അവനിലൂടെ പൂർത്തീകരിക്കപ്പെട്ടു (മത്തായി 5:17). അതാകട്ടെ സ്നേഹത്തിന്റെ കൽപനയാണ്. "ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹന്നാൻ 13:34–35).


സ്നേഹമാണ് ക്രിസ്ത്യാനിയുടെ സുവിശേഷം. നൂലാമാലകളില്ലാത്ത, കെട്ടുപാടുകളില്ലാത്ത, അളവില്ലാത്ത ആഴവും, നീളവും, വീതിയും, പരപ്പുമുള്ള സ്നേഹം (എഫേ. 3:18). ക്രിസ്തുവിന്റെ കൽപ്പനകളുടെ പാലനം പോലും സ്നേഹത്തിലധിഷ്ഠിതമാണ്. ഞാനവനെ സ്നേഹിക്കുന്നു. അതിനാൽ ഞാൻ അനുസരിക്കുന്നു. അങ്ങിനെയാണ് ക്രിസ്തീയ അനുസരണം. ഒരിക്കലും അത് നിർബന്ധിച്ചു മേടിക്കാവുന്ന വിധേയത്വമല്ല.

അതുകൊണ്ടുതന്നെ അധികാരികളുടെ കൽപനകളുടെ അന്ധമായ അനുസരണമോ വിധേയത്തമോ ഒരിക്കലും ക്രൈസ്തവികമല്ല. കൽപനകളെന്തായാലും ആരിൽ നിന്നായാലും അത് ക്രിസ്തു നിയമങ്ങൾ ആണോ എന്നാണ് ഒരു ഉത്തമ ക്രിസ്ത്യാനി പരിശോധിക്കേണ്ടത്. അധികാരികളുടെ ക്രിസ്തു വിരുദ്ധമായ കല്പനകൾ ധീരതയോടെ ധിക്കരിച്ചതിന്റെ പേരിൽ ബലിയാടുകളാക്കപ്പെട്ട അനേകം രക്തസാക്ഷികളുടെ ചുടുനിണത്തിൻമേലാണ് സഭയുടെ അസ്ഥിവാരം പണിയപ്പെട്ടത്. ക്രിസ്തുശിഷ്യരിൽ 11 പേരും കൊല്ലപ്പെടുകയായിരുന്നു എന്നു മറക്കരുത്. ക്രൈസ്തവ പീഡനങ്ങളുടെ കാലത്ത് കൊല്ലപ്പെട്ട അനേകായിരം രക്തസാക്ഷികളെയും നാം മറന്നു കൂടാ.

ക്രിസ്ത്യാനിയുടെ അനുസരണം ക്രിസ്തുവിനോടാണ്. അധികാരികളോടുള്ള വിധേയത്വമല്ല നമുക്കു വേണ്ടത്. മറിച്ച് ക്രിസ്തുധർമ്മ പാലനത്തോടുള്ള ഉത്തരവാദിത്വമാണ്.



# നേരായ ജീവിതവും ആന്തരിക ജീവനും



മരിച്ച മനുഷ്യനുനേരേ നിൽക്കാൻ സാധിക്കുമോ? ഇല്ലെന്നു സാധാരണക്കാരായ നമ്മൾ പറയും. നമ്മുടെ ഈ ഉത്തരത്തിന് വിശദീകരണം ആവശ്യമില്ലെന്നും നാം പറയും.

എന്നാൽ, മരിച്ച മനുഷ്യനുനേരേ നിൽക്കാൻ സാധിക്കുമെന്നു വിശ്വസിച്ച ഒരു വിരുതന്റെ കഥ ഗ്രീക്ക് ജീവചരിത്രകാരനായ പ്ലൂട്ടാർക് പറയുന്നുണ്ട്. ഈ വിരുതൻ ഒരു ശവശരീരത്തെ നിലത്തു നേരെ നിർത്താൻ കിണഞ്ഞു ശ്രമിച്ചതായി പ്ലൂട്ടാർക് പറയുന്നു.


ശവശരീരത്തെ ശരിയായ ആംഗിളിൽ നിർത്തിയാൽ തന്റെ പദ്ധതി വിജയിക്കുമെന്നായിരുന്നു അയാളുടെ കണക്കുകൂട്ടൽ. അതനുസരിച്ച് അയാൾ ഒരു ജഡത്തെ പല കോണുകളിൽ പല രീതിയിൽ നിർത്തിനോക്കി. പക്ഷേ, അപ്പോഴൊക്കെ അതു നിലം പതിക്കുകയാണുണ്ടായത്. അവസാനം തന്റെ പദ്ധതി വിജയിക്കുകയില്ലെന്നു കണ്ടപ്പോൾ അയാൾ പിറുപിറുത്തു. 'ഈ മനുഷ്യന്റെ ഉള്ളിൽ നിന്ന് എന്തോ അപ്രത്യക്ഷമായിട്ടുണ്ട്. അതുകൊണ്ടാണ് ഇയാൾക്കു നേരേ നിൽക്കുവാൻ സാധിക്കാത്തത്.'

മരിച്ച മനുഷ്യനെക്കുറിച്ച് പ്ലൂട്ടാർക്കിന്റെ കഥാപാത്രം നടത്തുന്ന ഈ വിലയിരുത്തൽ കേൾക്കുമ്പോൾ നമുക്കു ചിരി വന്നേക്കാം. എന്നാൽ അയാൾ പറഞ്ഞകാര്യം ജീവിച്ചിരിക്കുന്ന നമ്മിൽ പലരെയും സംബന്ധിച്ചിടത്തോളം ശരിയല്ലേയെന്നു സംശയിക്കണം.

ജീവിതത്തിൽ നേരേ നിൽക്കാൻ നമ്മെ സഹായിക്കുന്ന ശക്തി നമ്മുടെ ആന്തരിക ജീവനാണ്. ആന്തരിക ജീവൻ ആത്മാവ് നമ്മിൽ നിറഞ്ഞുനിൽക്കുമ്പോൾ നമുക്കു നേരേ നിൽക്കാൻ സാധിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. ജീവൻ തുടിക്കുന്നതാണു നമ്മുടെ ആത്മാവെങ്കിൽ നാം ഏത് ആംഗിളിൽ നിന്നാലും താഴേക്കു പതിക്കുകയില്ല.

പക്ഷേ, നമ്മുടെ ഉള്ളിൽ നിറഞ്ഞുനിൽക്കേണ്ട ആത്മാവ് നമ്മിൽ പലരിലും ബലഹീനമാണു പലപ്പോഴും. അപൂർവം ചിലരെ സംബന്ധിച്ചിടത്തോളമെങ്കിലും ആത്മാവ് എത്രയോ പണ്ടേ അപ്രത്യക്ഷമായിരിക്കുന്നു! അപ്പോൾപ്പിന്നെ അവർക്കു നേരേനിൽക്കാൻ സാധിക്കാത്തതിൽ എന്തത്ഭുതം?

കച്ചവടമാണു നമ്മുടെ തൊഴിലെങ്കിൽ നമ്മുടെ പണപ്പെട്ടി കാലിയായാൽ നാം പകച്ചുപോകാറില്ലേ? കൃഷിയാണ് ഉപജീവനമാർഗമെങ്കിൽ കൃഷിപ്പിഴയോ ഉത്പന്നങ്ങൾക്കു വിലക്കുറവോ നേരിട്ടാൽ നാം ഉത്കണ്ഠപ്പെടാറില്ലേ? പ്രതിമാസ ശമ്പളം പറ്റുന്ന ജീവനക്കാരാണെങ്കിൽ ബാങ്ക് ബാലൻസ് കാലിയാകുമ്പോൾ ആകുലചിത്തരാകാറില്ലേ?



എന്നാൽ, എപ്പോഴെങ്കിലും നമ്മുടെ ആത്മാവിനു ശോഷണം സംഭവിച്ചാൽ നാം അതേക്കുറിച്ച് ഏറെ വ്യസനിക്കാറുണ്ടോ? അല്ലെങ്കിൽ അക്കാര്യം ശ്രദ്ധിക്കാറെങ്കിലുമുണ്ടോ? ആത്മാവിന്റെ ആരോഗ്യത്തെക്കാളേറെ ശരീരത്തിന്റെ ആരോഗ്യത്തിലാണ് നമ്മുടെ ശ്രദ്ധ എപ്പോഴും എന്നു പറഞ്ഞാൽ അത് അതിശയോക്തിയാണോ? ആത്മാവും ശരീരവും ഉള്ളവരാണ് നമ്മൾ. നമ്മുടെ ജീവിതം ആരോഗ്യപൂർണവും സന്തോഷപ്രദവുമാകണമെങ്കിൽ ശരീരത്തിന്റെ കാര്യത്തിലെന്നപോലെ ആത്മാവിന്റെ കാര്യത്തിലും നാം ശ്രദ്ധിച്ചേ മതിയാകൂ.

നമ്മുടെ ശരീരത്തിന്റെ ആരോഗ്യത്തിനും സുഖത്തിനുംവേണ്ടി നാം ഏറെ ശ്രദ്ധിക്കാറില്ലേ? നല്ല ഭക്ഷണം കഴിക്കാനും രോഗം വരുമ്പോൾ കൃത്യമായി മരുന്നുകഴിക്കാനും നാം ശ്രമിക്കാറില്ലേ? എന്നാൽ, നമ്മുടെ ആത്മാവിന് ശോഷണം സംഭവിക്കുമ്പോൾ നാം എന്താണു ചെയ്യുക? സൗകര്യപൂർവം അക്കാര്യം വിസ്മരിക്കാൻ ശ്രമിക്കും. പക്ഷേ, അപ്പോൾ നമുക്ക് എന്താണ് സംഭവിക്കുക? നമുക്ക് ദൈവമുമ്പാകെ നേരേനിൽക്കാൻ സാധിക്കാതെ പോകും; അത്രതന്നെ.

നമ്മുടെ ശരീരത്തിലെ മസിലുകൾക്കു ശോഷണം സംഭവിച്ചാൽ ആധുനിക വൈദ്യശാസ്ത്രം പലപ്പോഴും നിർദേശിക്കുന്നതു ഫിസിയോതെറാപ്പിയാണ്. കൃത്യമായ രീതിയിലുള്ള വ്യായാമവും മറ്റും ഉൾക്കൊള്ളുന്ന ഫിസിയോതെറാപ്പി മസിലുകൾക്കു നവജീവൻ നൽകും.

എന്നാൽ, നമ്മിൽ പലർക്കും ആവശ്യമുള്ളതു ഫിസിയോതെറാപ്പിയല്ല, പ്രത്യുത ആത്മാവിന്റെ തെറാപ്പിയാണ്. കാരണം, നമ്മിൽ പലർക്കുമുള്ളതു ശരീരത്തിന്റെ ശോഷണമല്ല, ആത്മീയ ശോഷണമാണ്. ആ ആത്മീയശോഷണത്തിനു പരിഹാരമുണ്ടാകണമെങ്കിൽ ആത്മീയതെറാപ്പി തന്നെ നമുക്കുവേണം.

എന്താണ് ആത്മീയ തെറാപ്പിയുടെ പ്രത്യേകത? ഈ തെറാപ്പിയുടെ പ്രധാന പങ്കുവഹിക്കുന്നതു ദൈവമാണ്. അവിടുത്തെ അനുഗ്രഹവും കാരുണ്യവുമാണ് നമ്മുടെ ആത്മാവിനു പാപമോചനവും നവജീവനും നൽകുക. ദൈവം നമ്മുടെ ജീവിതത്തിലേക്കു കടന്നുവരാൻ നാം അനുവദിച്ചാൽ മാത്രമേ ആത്മീയ തെറാപ്പി നമ്മിൽ ഫലപ്രദമാവുകയുള്ളൂ.

ദൈവം നമ്മുടെ ആത്മാവിലേക്കു കടന്നുവരുവാൻ നാം അനുവദിക്കുന്നതോടൊപ്പം എപ്പോഴും നമ്മിൽ വസിക്കാൻ അവിടുത്തേക്ക് ഇടം നൽകുകയും വേണം. അതായത്, അവിടുത്തേക്കു വസിക്കുവാൻതക്ക രീതിയിൽ നമ്മുടെ ഹൃദയവും മനസും നാം സജ്ജമാക്കണമെന്നു സാരം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**എന്താണ് യഹോവയുടെ യഥാർത്ഥ ചരിത്രം. യഹോവയേയും യേശുവിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന എന്തെങ്കിലും വേദപുസ്തകത്തിലുണ്ടോ? പഴയനിയമത്തിലെ യഹോവ എങ്ങനെയാണ് പുതിയനിയമത്തിൽ പിതാവാകുന്നത്? ഏകസത്യദൈവം യഹോവയോ അതോ യേശുവോ?**

**ജോമോൻ കരിക്കിനേത്ത്, തലക്കോട്, മുളന്തുരുത്തി, എറണാകുളം**

YHWH എന്ന വ്യഞ്ജനാക്ഷരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് യാഹ്വെ. ഇത് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ദൈവത്തിന്റെ നാമം. പുരാതന എബ്രായ ഭാഷയിൽ, സ്വരാക്ഷരങ്ങൾ സാധാരണയായി എഴുതിയിരുന്നില്ല. മാതൃഭാഷക്കാർക്കും വായനക്കാർക്കും ഇത് ഒരു പ്രശ്നമാകുമായിരുന്നില്ല. എബ്രായ അക്ഷരങ്ങളുടെ ലാറ്റിൻ തത്തുല്യമായ JHVH അടിസ്ഥാനമാക്കിയുള്ള അതേ പേരാണ് യഹോവ. എബ്രായ നാമത്തിന്റെ ലാറ്റിൻ, ഇംഗ്ലീഷ് പരിഭാഷയായി യഹോവ മാറി. എല്ലാ പ്രായോഗിക ആവശ്യങ്ങൾക്കും, ദൈവനാമത്തിന്റെ ലളിതമായ ഇംഗ്ലീഷ്, ഹീബ്രു ഉച്ചാരണങ്ങളാണ് യഹ്വയും യഹോവയും. എന്നിരുന്നാലും, സാങ്കേതികമായി കൂടുതൽ കൃത്യതയുള്ളതിനാൽ യാഹ്വെ എന്നതിനുപകരം യഹോവ കൂടുതൽ പ്രചാരത്തിലായി. 'ഞാൻ' എന്നതിന്റെ എബ്രായ പദത്തിൽ നിന്നാണ് യാഹ്വെ എന്ന പേര് വന്നത്. കത്തുന്ന മുൾപടർപ്പിൽവച്ച് ദൈവം മോശയെ കണ്ടുമുട്ടുകയും ഈജിപ്തിലേക്ക് മടങ്ങിപ്പോകാനും ജനത്തെ പുറത്തേക്ക് നയിക്കാനും അവനോട് കൽപിച്ചപ്പോൾ, ആരാണ് തന്നെ അയച്ചതെന്ന് പറയണമെന്ന് മോശ ആവശ്യപ്പെട്ടു.

ദൈവം മോശയോട്, യിസ്രായേലിന്റെ യഹ്വ (യഹോവ), നിങ്ങളുടെ പിതാക്കന്മാരുടെ ദൈവവും അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. "ഇതാണ് എന്നേക്കും എന്റെ നാമം, അതിനാൽ എല്ലാ തലമുറകളിലും ഞാൻ സ്മരിക്കപ്പെടും" (പുറപ്പാട് 3:14–15). യഹോവ എന്ന നാമത്തിന്റെ പ്രാധാന്യം ശരിയായി മനസ്സിലാക്കുന്നതിന് ചതുരാകൃതിയിലുള്ള YHWH എന്ന നാല് അക്ഷരങ്ങൾ "ആയിരിക്കുന്നത്" എന്നതിന്റെ എബ്രായ പദത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അത് "ഞാൻ ഞാനാകുന്നു" അല്ലെങ്കിൽ "ഞാൻ ആകുന്നത് ഞാനായിരിക്കും" അല്ലെങ്കിൽ "ഞാൻ ആകുന്നു" എന്ന് വിവർത്തനം ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട വിവർത്തനം പരിഗണിക്കാതെ തന്നെ, യഹോവ എന്ന പേര് ദൈവത്തിന്റെ സ്വയം അസ്തിത്വത്തെയും സ്വയംപര്യാപ്തതയെയും കുറിച്ച് സംസാരിക്കുന്നു. മറ്റെല്ലാവരും ജീവനും ശ്വാസത്തിനും നിലനിൽപ്പിനും അവനെ ആശ്രയിക്കുന്നു. അവൻ ആരെയും ആശ്രയിക്കുന്നില്ല. ഇക്കാരണത്താൽ, യേശുവിന്റെ നാളിലെ യഹൂദ നേതൃത്വം "അബ്രഹാമിന് മുമ്പേ ഞാനുണ്ട്" (യോഹന്നാൻ 8:58–59) എന്ന വാക്കുകൾ യേശു ഉച്ചരിക്കുന്നത് അപകീർത്തികരവും ദൈവദൂഷണവും മരണയോഗ്യവുമാണെന്ന് കരുതി. പുരാതന എബ്രായ പണ്ഡിതർ ദൈവത്തിന്റെ നാമം എഴുതാനോ ഉച്ചരിക്കാനോ കഴിയാത്തത്ര വിശുദ്ധമായി കണക്കാക്കിയിരുന്നു. പിന്നീട് വാചകത്തിൽ സ്വരാക്ഷരങ്ങൾ ചേർത്തപ്പോൾ, എഴുത്തുകാർ "കർത്താവ്" അല്ലെങ്കിൽ "യജമാനൻ" എന്നർഥമുള്ള അഡോനൈ എന്ന വാക്കിൽ നിന്ന് സ്വരാക്ഷരങ്ങൾ എടുത്ത് വ്യഞ്ജനാക്ഷരങ്ങൾക്കിടയിൽ ചേർത്തു. യഹോവ എന്ന് ഉച്ചരിക്കുന്നതിനുപകരം അവർ അഡോണായി എന്ന വാക്ക് ഉച്ചരിച്ചു. ഈ രീതി പിന്തുടർന്ന്, ബൈബിളിന്റെ മിക്ക ഇംഗ്ലീഷ് പതിപ്പുകളും മുകളിലെ പുറപ്പാട് 3:15–ൽ കാണുന്നതുപോലെ YHWH-നെ "കർത്താവ്" (എല്ലാ വലിയ അക്ഷരങ്ങളും) എന്ന് വിവർത്തനം ചെയ്യുന്നു. തിരുവെഴുത്ത് YHWH കർത്താവിനെക്കുറിച്ച് പറയുമ്പോൾ, ഇംഗ്ലീഷ് പതിപ്പുകളിൽ എല്ലാ വലിയ അക്ഷരങ്ങളിലും ദൈവം എന്ന വാക്കിനൊപ്പം 'Lord GOD' ഉണ്ടായിരിക്കും. അതിനാൽ, ഇംഗ്ലീഷ് പതിപ്പുകളിൽ LORD ഉം GOD ഉം YHWH എന്നതിന്റെ പ്രതീകമാണ്. സാങ്കേതികമായി ശരിയായ അക്ഷരവിന്യാസമല്ലെങ്കിലും, യഹോവ ഇപ്പോഴും ഒരു വിശുദ്ധ നാമമായിരിക്കുന്നു. അർത്ഥത്തിലാണ് പ്രാധാന്യം, ഉച്ചാരണത്തിലല്ല. ഉടമ്പടി നാമമാണ് യഹോവ. പുറപ്പാട് 3:15–ൽ, യഹോവ മോശയോട് സംസാരിക്കുമ്പോൾ, അവൻ പിതാക്കന്മാരുടെ ദൈവമാണെന്നും പറയുന്നു. അപ്പോൾ അവൻ പറയുന്നു: "ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തനായ ദൈവമായി പ്രത്യക്ഷപ്പെട്ടു, എന്നാൽ യഹോവ എന്ന എന്റെ നാമത്തിൽ ഞാൻ എന്നെത്തന്നെ അവർക്കു വെളിപ്പെടുത്തിയില്ല" (പുറപ്പാട് 6:3). നോഹയും (ഉൽപത്തി 9:26–ൽ) അബ്രഹാമും (ഉല്പത്തി 22:14–ൽ) ആ പേരിലാണ് യഹോവയെക്കുറിച്ച് സംസാരിച്ചത് എന്നതിനാൽ, ഈ പ്രഖ്യാപനം നമ്മെ കൂടുതൽ പഠനത്തിന് പ്രേരിപ്പിക്കുന്നു. യോഡ്, ഹേ, വാ, ഹെഹ് എന്നീ വ്യഞ്ജനാക്ഷരങ്ങളുടെ ക്രമം ഉൾക്കൊള്ളുന്ന YHWH എന്ന പേര് ടെട്രാഗ്രാമറ്റൺ എന്നറിയപ്പെടുന്നു.

ബാബിലോണിയൻ പ്രവാസത്തിന് ശേഷം (ബി.സി. 6–ാം നൂറ്റാണ്ട്), പ്രത്യേകിച്ച് ബി.സി 3–ാം നൂറ്റാണ്ട് മുതൽ, രണ്ട് കാരണങ്ങളാൽ യഹൂദന്മാർ യഹോവ എന്ന പേര് ഉപയോഗിക്കുന്നത് അവസാനിപ്പിച്ചു. യഹൂദമതം കേവലം ഒരു പ്രാദേശിക മതം എന്നതിലുപരി ഒരു സാർവത്രികമായതിനാൽ, കൂടുതൽ സാധാരണമായ ഹീബ്രു നാമം "ദൈവം" എന്നർഥമുള്ള എലോഹിം, മറ്റെല്ലാവരുടെയും മേലുള്ള ഇസ്രായേലിന്റെ ദൈവത്തിന്റെ സാർവത്രിക പരമാധികാരം പ്രകടിപ്പിക്കാൻ യഹോവയ്ക്ക് പകരമായി സ്ഥാപിക്കാൻ ശ്രമിച്ചു. അതേസമയം, ദൈവനാമം ഉച്ചരിക്കാൻ കഴിയാത്തവിധം പവിത്രമായി കണക്കാക്കപ്പെട്ടു; അങ്ങനെ, സിനഗോഗിലെ ആചാരാനുഷ്ഠാനങ്ങളിൽ എബ്രായ തിരുവെഴുത്തുകളുടെ ഗ്രീക്ക് പതിപ്പായ സെപ്റ്റുവജിന്റിൽ കൂറിയോസ് (കർത്താവ്) എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ട അഡോനായ് (എന്റെ കർത്താവ്) എന്ന ഹീബ്രു പദം ഉപയോഗിച്ചു.

ഏകദേശം 6 മുതൽ 10–ാം നൂറ്റാണ്ട് വരെ ഹീബ്രു ബൈബിളിന്റെ യഥാർത്ഥ ഗ്രന്ഥം പുനർനിർമ്മിക്കാൻ പ്രവർത്തിച്ച മാസോറെറ്റസ്, അഡോണായി അല്ലെങ്കിൽ എലോഹിം എന്ന എബ്രായ പദങ്ങളുടെ സ്വരാക്ഷര ചിഹ്നങ്ങൾ "YHWH" ലേക്ക് ചേർത്തു. ലാറ്റിൻ സംസാരിക്കുന്ന ക്രിസ്ത്യൻ പണ്ഡിതന്മാർ Y (ലാറ്റിൻ ഭാഷയിൽ നിലവിലില്ല) എന്നതിന് പകരം ഒരു I അല്ലെങ്കിൽ ഒരു J (ഇതിൽ രണ്ടാമത്തേത് I യുടെ ഒരു വകഭേദമായി ലാറ്റിനിൽ നിലവിലുണ്ട്) ഉപയോഗിച്ച് മാറ്റി. അങ്ങനെ, ടെട്രാഗ്രാമറ്റൺ കൃത്രിമ ലാറ്റിനൈസ്ഡ് നാമം യഹോവ (JeHoWaH) ആയിത്തീർന്നു. ഈ പേരിന്റെ ഉപയോഗം മധ്യകാല യൂറോപ്പിലുടനീളം വ്യാപിച്ചതിനാൽ, ലാറ്റിൻ ഭാഷയേക്കാൾ പ്രാദേശിക ഭാഷ അനുസരിച്ച് J എന്ന പ്രാരംഭ അക്ഷരം ഉച്ചരിച്ചു.

നവോത്ഥാന-നവീകരണകാലഘട്ടങ്ങൾക്ക് ശേഷം ക്രിസ്ത്യൻ പണ്ഡിതന്മാർ YHWH എന്നതിന് യഹോവ എന്ന പദം ഉപയോഗിച്ചുവെങ്കിലും, 19–ഉം 20–ഉം നൂറ്റാണ്ടുകളിൽ ബൈബിൾ പണ്ഡിതന്മാർ വീണ്ടും യഹ്വ എന്ന നാമം ഉപയോഗിക്കാൻ തുടങ്ങി. രണ്ടാം നൂറ്റാണ്ടിലെ സെന്റ് ക്ലെമന്റ് ഓഫ് അലക്സാണ്ട്രിയയെപ്പോലുള്ള ആദ്യകാല ക്രിസ്ത്യൻ എഴുത്തുകാർ യാഹ്വയെപ്പോലെയുള്ള ഒരു രൂപം ഉപയോഗിച്ചിരുന്നു, ഈ ടെട്രാഗ്രാമറ്റണിന്റെ ഉച്ചാരണത്തിൽ വ്യത്യാസം വന്നെങ്കിലും അതിന്റെ അർത്ഥവ്യാപ്തി ഒരിക്കലും നഷ്ടപ്പെട്ടില്ല. പല ഗ്രീക്ക് ട്രാൻസ്ക്രിപ്ഷനുകളും YHWH എന്ന് ഉച്ചരിക്കണമെന്ന് സൂചിപ്പിച്ചിരുന്നു.

ദൈവത്തിന്റെ പേരിന്റെ അർത്ഥം പലവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. "അവൻ നിലനിൽക്കുന്നതെന്തും അസ്തിത്വത്തിലേക്ക് കൊണ്ടുവരുന്നു" എന്നാണ് ഏറ്റവും ശരിയായ അർത്ഥമെന്ന് പല പണ്ഡിതന്മാരും വിശ്വസിക്കുന്നു. ശമുവേലിൽ, ദൈവം അറിയപ്പെടുന്നത് യാഹ്വെ ടെവാഓട്ട് അല്ലെങ്കിൽ "അവൻ അസ്തിത്വത്തിലേക്ക് കൊണ്ടുവരുന്നു," മോശയുടെ കാലത്തിനും വളരെ മുമ്പുതന്നെ ദൈവത്തിന്റെ വ്യക്തിപരമായ നാമം അറിയപ്പെട്ടിരുന്നു. മോശയുടെ അമ്മയെ ജോഖേബെദ് (യോഖെവേദ്) എന്ന് വിളിച്ചിരുന്നു, ഇത് യാഹ്വെ എന്ന പേരിനെ അടിസ്ഥാനമാക്കിയുള്ളതാണ്. അങ്ങനെ, മോശ ഉൾപ്പെട്ടിരുന്ന ലേവി ഗോത്രത്തിന്, യാഹ്വെ എന്ന പേര് അറിയാമായിരുന്നു, യഥാർത്ഥത്തിൽ അതിന്റെ ഹ്രസ്വ രൂപമാണ്, യോ, യാഹ് അല്ലെങ്കിൽ യാഹു. യഹോവ എന്നത് ഇസ്രായേലിന്റെ ദൈവത്തിന്റെയും ജഡത്തിൽ ഭൂമിയിലേക്ക് വന്ന ദൈവത്തിന്റെയും നാമമാണ്. മത്തായി 1:21 പറയുന്നു, "അവൾ ഒരു മകനെ പ്രസവിക്കും, നീ അവന് യേശു എന്നു പേരിടണം, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും." യേശു എന്നത് സുറിയാനി നാമമാണ്. അതിന്റെ യഥാർത്ഥ എബ്രായ-അരാമിക് നാമം "യെഹേശുവാ" എന്നാണ്. അതിന്റെ അർത്ഥം യഹോവ രക്ഷിക്കുന്നു. അതുകൊണ്ട് യഹോവ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും എന്നുപറഞ്ഞാലും യേശു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും എന്നു പറഞ്ഞാലും അർത്ഥമാക്കുന്നത് ഒരേ കാര്യം തന്നെയാണ്. യേശുവിനെയും യഹോവയെയും സമീകരിക്കുന്ന അനേകം സന്ദർഭങ്ങളിൽ ഒന്ന് മാത്രമാണിത്.

അടിസ്ഥാന ക്രിസ്ത്യൻ സിദ്ധാന്തങ്ങളിൽ ഒന്ന് യേശു ദൈവമാണ് എന്നതാണ്. ബൈബിളിൽ ഒരേയൊരു ദൈവമേയുള്ളൂ: "ഇസ്രായേലേ, കേൾക്കൂ: നമ്മുടെ ദൈവമായ കർത്താവ് ഏകനാണ്" (ആവർത്തനം 6:4). ഏകദൈവം മാത്രമേ ഉള്ളൂ എന്ന ബൈബിളിന്റെ അവകാശവാദത്തെ ഏകദൈവ വിശ്വാസം എന്ന് വിളിക്കുന്നു. ബഹുദൈവവിശ്വാസവും ത്രിത്വ സിദ്ധാന്തവും ബഹുദൈവവിശ്വാസവും ത്രിത്വ സിദ്ധാന്തവും ബൈബിൾ പഠിപ്പിക്കുന്നില്ല. പുതിയനിയമത്തിൽ, യേശു തന്റെ ദൈവത്വത്തെ പല സ്ഥലങ്ങളിലും സ്ഥിരീകരിക്കുന്നു. അവന്റെ പൊതു പഠിപ്പിക്കലുകളിൽ പഴയനിയമത്തിൽ ദൈവത്തെ (യഹോവയെ) വിവരിച്ചിരിക്കുന്ന അതേ വിധത്തിൽ യേശു തന്നെത്തന്നെ പരാമർശിക്കുന്നു, യഹോവയെ ഏതുനിലയിലാണോ പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് അതേ നിലയിൽ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. പഴയനിയമത്തിലെ ദൈവം "ഞാൻ" (പുറപ്പാട് 3:14–15; യെശയ്യാവ് 48:12) "ഇടയൻ" (സങ്കീർത്തനം 23:1) "വെളിച്ചം" (സങ്കീർത്തനം 27:1) "പാറ" (സങ്കീർത്തനം 18:2) "ഭരണാധികാരി" (യെശയ്യാവ് 9:6) "എല്ലാ ജനതകളുടെയും ന്യായാധിപൻ" (യോവേൽ 3:12) "മണവാളൻ" (യെശയ്യാവ് 62:5; ഹോശേയ 2:16) "ദൈവവചനം ഒരിക്കലും കടന്നുപോകുന്നില്ല" (യശയ്യാവ് 40:8) "വിതക്കാരൻ" (യിരെമ്യാവ് 31:27; എസ്ര 34:9) "ആദ്യത്തെയും അവസാനത്തെയും" (യെശയ്യാവ് 48:12). പഴയനിയമത്തിൽ യഹോവയെക്കുറിച്ച് പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ പുതിയനിയമത്തിൽ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതായി കാണുവാൻ സാധിക്കും. "ഞാൻ" (യോഹന്നാൻ 8:58) "ഇടയൻ" (യോഹന്നാൻ 10:11) "വെളിച്ചം" (യോഹന്നാൻ 8:12) "പാറ" (മത്തായി 7:24) "എല്ലാവരുടെയും ഭരണാധികാരി" (മത്തായി 28:18) "എല്ലാവരുടെയും ന്യായാധിപൻ" (യോഹന്നാൻ 5:22) "മണവാളൻ" (മത്തായി 25:1) "യേശുവിന്റെ വാക്കുകൾ ഒരിക്കലും കടന്നുപോകുന്നില്ല" (മർക്കോസ് 13:31) "വിതക്കാരൻ" (മത്തായി 13:3–9) "ഒന്നാമത്തേതും അവസാനത്തേതും" (വെളിപ്പാട് 1:17–18) തന്നെത്തന്നെ യഹോവയുമായി സമീകരിക്കുന്ന പല കാര്യങ്ങളും യേശു പറഞ്ഞു: "എന്നെ കണ്ടവൻ പിതാവിനെ കണ്ടു" (യോഹന്നാൻ 14:9). "ഞാനും പിതാവും ഒന്നാണ്" (യോഹന്നാൻ 10: 30). യേശു സുവിശേഷങ്ങളിൽ ആരാധന സ്വീകരിക്കുകയും പാപങ്ങൾ ക്ഷമിക്കുകയും തന്റെ ശിഷ്യന്മാരോട് പ്രാർത്ഥിക്കാൻ കൽപ്പിക്കുകയും ചെയ്തു. മറ്റു പ്രവാചകന്മാർ ചെയ്തതുപോലെ- "കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല; പകരം, "ഞാൻ പറയുന്നു എന്ന് യേശു പറഞ്ഞു, അവന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കാൻ തന്റെ ശിഷ്യന്മാരോട് കൽപ്പിച്ചു. പുതിയനിയമത്തിലെ എഴുത്തുകാരും യേശുവിനെ പലതവണ ദൈവമായി പരാമർശിക്കുന്നു (ഉദാ: മത്തായി 3:16–17; യോഹന്നാൻ 1:1–3,14; യോഹന്നാൻ 20:28; റോമർ 9:5; ഫിലിപ്പിയർ 2:5–8, 9–11; കൊലൊസ്സ്യർ 1:16–19; 2:9–10; 1 തിമോത്തി 6:15; 2പത്രോസ് 1:1; എബ്രായർ 1: 8; 13:8; വെളിപ്പാട് 1:8, 17; 2:8; 17:14; 19:16; 21:6; 22:13) തിരുവെഴുത്തുകൾ വ്യക്തമായി പഠിപ്പിക്കുന്ന വസ്തുത പഴയനിയമത്തിലെ യഹോവതന്നെയാണ് പുതിയനിയമത്തിൽ വെളിപ്പെടുന്ന യേശു. പഴയനിയമത്തിലും പുതിയനിയമത്തിലും പ്രത്യക്ഷപ്പെടുന്ന ദൈവനാമങ്ങൾ വ്യത്യസ്ഥങ്ങളല്ല. പഴയനിയമത്തിൽ കാണുന്ന ഏകസത്യദൈവം യഹോവ തന്നെയാണ് പുതിയനിയമത്തിൽ രക്ഷകനായി വെളിപ്പെടുന്ന യേശു (യെഹേശുവ) = യഹോവ രക്ഷകൻ.

WEBSITE vedabhimani.com
FACE BOOK vedabhimani
MAIL vedabhimani@gmail.com
YouTube vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Dec: 2022 at RMS Kayamkulam
Published on Ist Dec: 2022
RNI Registered No. KERMAL/2002/7361



# ക്രിസ്തുവും ജയാളിയും

യിസ്രായേലിനെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം അവർ തനിക്ക് ഒരു പുരോഹിതരാജ്യം (Kingdom of Priests) ആകുക എന്നതായിരുന്നു (പുറ.19:6). യിസ്രയേല്യരൊക്കെയും പുരോഹിതന്മാരായി ദൈവത്തെ സേവിക്കുകയെന്നാണ് അതിനർത്ഥം. എന്നാൽ കാളക്കുട്ടിയെ വണങ്ങുക നിമിത്തം ഈ പദവി അവർക്കു നഷ്ടപ്പെട്ടു. ദൈവത്തിന്റെ പക്ഷത്തുള്ളവർ മാറിനിൽക്കുവാനുള്ള മോശയുടെ ആഹ്വാനത്തിൽ ലേവിപുത്രന്മാർ എല്ലാവരും മാറിനിന്നു. ഇവർ മോശയുടെ കല്പന പ്രകാരം പാളയത്തിലുടനീളം ചെന്ന് വിഗ്രഹാരാധനയ്ക്ക് ശിക്ഷ വിധിച്ചു. സഹോദരന്മാരെന്നും, സ്നേഹിതന്മാരെന്നും, അയൽക്കാരെന്നും പരിഗണന കാട്ടാതെ, വൈകാരികവും, മാനുഷികവുമായ ബന്ധങ്ങൾക്കതീതമായി ദൈവത്തെ സേവിപ്പാൻ അവർ മനസ്സുള്ളവരായിരുന്നു. അതിനാൽ, ദൈവത്തിനു പുരോഹിതന്മാരായിത്തീരുവാനുള്ള അർഹത അവർക്കു ലഭിച്ചു.



യിസ്രയേൽ തങ്ങളുടെ വിളി നഷ്ടമാക്കിയെങ്കിലും, അവരുടെ സ്ഥാനത്തു നിൽക്കണ്ടതിന്, അവരിൽ നിന്നുംതന്നെ ദൈവം ഒരു ചെറിയ കൂട്ടത്തെ തിരഞ്ഞെടുത്തു. ആ ചെറിയ കൂട്ടമാണ് ജയാളികൾ.

ലേവി പുത്രന്മാർ മാത്രമേ പുരോഹിതന്മാരായുണ്ടായിരുന്നുള്ളുവെങ്കിലും, അവരുടെ ശുശ്രൂഷയുടെ ഫലം സർവ്വ യിസ്രായേലിനും വേണ്ടിയുള്ളതായിരുന്നു. ഇവ്വണ്ണം തന്നെ ജയാളികളുടെ ജീവിതത്തിന്റെ ഫലം സർവ്വ സഭയ്ക്കും വേണ്ടിയുള്ളതാണ്. അവരുടെ ജയത്തിന്റെയും അനുഗ്രഹത്തിന്റേയും പങ്ക് സർവ സഭയ്ക്കുമുള്ളതാണ്. അവരുടെ മഹത്വം, സഭയുടെ മഹത്വമാണ്.

ന്യായാധിപന്മാരുടെ കാലത്ത്, യിസ്രയേൽ, മിദ്യാന്യരാൽ വളരെ ദണ്ഡിപ്പിക്കപ്പെട്ടു. ശത്രുവിനെ തോൽപ്പിക്കേണ്ടതിനായി ഒരു ചെറിയ കൂട്ടത്തെ നയിക്കാൻ ദൈവം ഗിദയോനെ എഴുന്നേല്പിച്ചു. ഇവർ മുഖാന്തിരം മുഴുവൻ യിസ്രയേലും സ്വാതന്ത്ര്യം അനുഭവിച്ചു. ഉത്തരവാദിത്വം സർവ്വ യിസ്രയേലിന്റേതുമായിരുന്നുവെങ്കിൽ തന്നെയും, ചിലർ ഭീരുക്കളും, മറ്റുചിലർ മടിയന്മാരുമായിരുന്നു. വിലകൊടുക്കാൻ ഒരുകൂട്ടർ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ സ്വാതന്ത്ര്യം എന്ന ഫലം എല്ലാവരും അനുഭവിച്ചു.

പ്രവാസത്തിൽ നിന്നു മടങ്ങിവന്ന യിസ്രയേലിന്റെ കാര്യത്തിലും ഇതേ പ്രമാണം നാം കാണുന്നു. എഴുപതു സംവത്സരത്തിനുശേഷം യിസ്രയേൽ ജനം തങ്ങളുടെ ദേശത്തേക്കു മടങ്ങും എന്ന് ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്നു. എന്നിരുന്നാലും എല്ലാവരും മടങ്ങിവന്നില്ല. എസ്രാ, നെഹമ്യാവ്, സെരുബ്ബാബേൽ, യോശുവാ എന്നിവരാൽ നയിക്കപ്പെട്ട ഒരു ചെറിയകുട്ടം മാത്രം, യെരുശലേം നഗരവും, ആലയവും പണിയുവാൻ മടങ്ങിവന്നു. ദൈവത്തിന്റെ യഥാസ്ഥാപനപ്രവൃത്തിയുടെ മുന്നോടികളായിരുന്നു അവർ. അവരുടെ പ്രവൃത്തിയുടെ ഫലം യിസ്രയേൽ മുഴുവൻ അനുഭവിച്ചു.

ഓരോ ജയാളിയും ക്രിസ്തുവിന്റെ നാളിൽ തേജസ്സും ബഹുമാനവും അണിയും. എന്നാൽ അവരെക്കുറിച്ചുള്ള ദൈവിക ലക്ഷ്യം അതല്ല. അവരെ സംബന്ധിച്ച് വിശേഷതയുള്ള കാര്യം ദൈവമുമ്പാകെയുള്ള വിശ്വസ്തയിലും, ഉത്തരവാദിത്വത്തിലും, തങ്കൽ ഭരമേൽപിച്ചിരിക്കുന്ന പ്രവൃത്തി അവർ ചെയ്തുകൊണ്ടു നിൽക്കണമെന്നുള്ളതാണ്. ദൈവത്തിനു നിവർത്തിക്കേണ്ടവ ഒക്കെയും ജയാളികൾ നിവർത്തിക്കുന്നു. അവ്വണ്ണം തന്നെ, ദൈവത്തിനു ലോകത്തോടുള്ള സംവാദവും, സാക്ഷ്യവും സഭയ്ക്കുവേണ്ടി നിവർത്തിക്കുന്നതും ജയാളികൾ തന്നെ. അതുകൊണ്ട് തന്നെ, ദൈവം എന്നും, ജയാളികൾക്കു വേണ്ടിയുള്ള അന്വേഷണത്തിലാണ്.

# ഷെല്ലി: ഇംഗ്ലീഷ് കാല്പനിക കവിതയിലെ കുയിൽ

ലോകപ്രശസ്തരുടെ അറിയാക്കഥകൾ

ഇംഗ്ലീഷ് കാല്പനിക കവിതയിലെ കുയിൽ എന്നാണ് പി.ബി.ഷെല്ലി അറിയപ്പെടുന്നത്. പേഴ്സിബൈഷേ ഷെല്ലി എന്നായിരുന്നു മുഴുവൻ പേര്. 1792 ഓഗസ്റ്റ് നാലിനു ബ്രിട്ടണിൽ സസക്സസിലെ ഹോർഷാം എന്ന സ്ഥലത്തിനടുത്തുള്ള ഷീൽഡ് പ്ലേസിലാണ് ഷെല്ലിയുടെ ജനനം. യോൺഹൗസ് അക്കാദമിയിലും ഈറ്റൺ കോളജിലുമായി വിദ്യാഭ്യാസത്തിനുശേഷം 1810-ൽ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഈ കോളജിൽ പഠിക്കുമ്പോഴാണ് ആദ്യ ഗോതിക് നോവലായ 'സ്ട്രോസീ' പ്രസിദ്ധപ്പെടുത്തിയത്. രണ്ടാമത്തെ ഗോതിക് നോവലായ 'സെന്റ് ഇർവിൻ' പിന്നീട് പ്രസിദ്ധപ്പെടുത്തി. ഹാരിയറ്റുമായുള്ള വിവാഹബന്ധം തകർന്നപ്പോൾ മേരി ഗോഡ്വിനെ വിവാഹം കഴിച്ചു. മുപ്പതാം ജന്മദിനത്തിനു മുൻപ് 1822-ൽ ഒരു ബോട്ടപകടത്തിൽ ഷെല്ലി മരണമടഞ്ഞു. ഷെല്ലി ഒരു കവി മാത്രമല്ല, തത്വചിന്തകൻ, സാമുഹിക പരിഷ്കർത്താവ്, നോവലിസ്റ്റ്, ഉപന്യാസകാരൻ എന്നീ നിലകളിലെല്ലാം തന്റെ കഴിവു തെളിയിച്ചിട്ടുണ്ട്.



# വസ്ത്രധാരണം എങ്ങനെ?

ഞായറാഴ്ച പ്രഭാതം. ആരാധനാലയത്തിൽ എല്ലാവരും കൃത്യസമയത്ത് ഏറ്റവും മാന്യമായി വസ്ത്രധാരണം ചെയ്ത് എത്തിച്ചേർന്നു. ശുശ്രൂഷകൾ ആരംഭിക്കാൻ മിനിട്ടുകൾ മാത്രം. പെട്ടെന്ന് സൂട്ടു ധരിക്കാതെ വളരെ ലളിതമായ വേഷം മാത്രം അണിഞ്ഞ് ഒരുവൻ ആരാധനയക്ക് എത്തിച്ചേർന്നു. പള്ളിയിലെ സ്ഥിരം അംഗങ്ങൾ ഞെട്ടിപ്പോയി! ശുശ്രൂഷകൾ അവസാനിച്ചപ്പോൾ സഭാശുശ്രുഷകൻ അതിഥിയെ സമീപിച്ച് 'ആരാധന ഇഷ്ടപ്പെട്ടോ' എന്നന്വേഷിച്ചു. ഇഷ്ടമായെന്നായിരുന്നു മറുപടി. എങ്കിൽ അടുത്താഴ്ച വരുമ്പോൾ മാന്യമായി വസ്ത്രം ധരിച്ചു വരണമെന്നും എങ്ങനെയാണു വസ്ത്രധാരണം നടത്തേണ്ടതെന്നും കർത്താവിനോടു ചോദിച്ച് അറിയണമെന്നും ശുശ്രൂഷകൻ ഉപദേശിച്ച് അതിഥിയെ യാത്രയാക്കി. പിറ്റേ ഞായറാഴ്ച്ച കൃത്യസമയത്ത് തലേ ആഴ്ച വന്ന ആൾ വീണ്ടും ആരാധനയ്ക്കെത്തി. പക്ഷേ വേഷം പഴയതു തന്നെ. സഭാ ശുശ്രൂഷകൻ അദ്ദേഹത്തെ സമീപിച്ച് "എങ്ങനെ വസ്ത്രധാരണം നടത്തണമെന്നു കർത്താവിനോട് ചോദിച്ചില്ലേ?" എന്ന് അന്വേഷിച്ചു. മറുപടി ഇങ്ങനെയായിരുന്നു: "ഇതേപ്പറ്റി ഞാൻ യേശുവിനോടു ചോദിച്ചു. പക്ഷേ ഈ സഭയിൽ എങ്ങനെയാണ് വസ്ത്രധാരണം നടത്തി എത്തേണ്ടതെന്നു തനിക്കറിയില്ല; കാരണം, ഒരിക്കൽ പോലും ഇവിടെ താൻ വന്നിട്ടില്ലെന്നായിരുന്നു കർത്താവിന്റെ ഉത്തരം. പിന്നെ ഞാൻ എന്തുചെയ്യാനാണ്?"







☺ന്യൂജനറേഷൻ നവോത്ഥാന ആത്മീയത്തിനെതിരെ പ്രതികരിച്ചാൽ?

സാലി ടെന്നി, തോട്ടയ്ക്കാട്, കോട്ടയം

☹ ***നവോത്ഥാനത്തിന്റെ കൂലിപടയാളികൾ സമൂഹമാധ്യമത്തിൽ വിളിച്ചിറക്കി നരബലി നടത്തും.***

☺വികസനം നോക്കിക്കണ്ടു പഠിക്കാൻ പാവപ്പെട്ടവന്റെ നികുതി പണംകൊണ്ട് വിദേശത്തേക്ക് പറക്കുന്ന നേതാക്കന്മാരെ പാഠം പഠിപ്പിക്കാൻ?

കെ.സി.മത്തായി, പൂമല, ചെങ്ങന്നൂർ

☹***തെരഞ്ഞെടുപ്പുകാലത്ത് ജനം കാര്യങ്ങൾ നോക്കികണ്ട് വിലയിരുത്തിയാൽ മതി.***

☺നമ്മുടെ റോഡുകൾ ഡിസൈൻഡ് റോഡുകളാക്കുന്നെന്ന് മന്ത്രി?

ജോയമ്മ ഫിലിപ്പ്, പാറത്തോട്, മുണ്ടക്കയം

☹***ഡിസൈനൊന്നും വേണ്ട. കുഴിയെങ്കിലും ഒന്നു ഡീസന്റാക്കിയാൽ മതിയായിരുന്നു.***

☺വിശ്വാസിയുടെ വിശ്വാസത്തിന് എന്താണൊരു കുറവ്?

മിനി മേരി വർഗ്ഗീസ്, കാരിക്കയം, ചിറ്റാർ

☹***വിവരമില്ല, വിവേകവുമില്ല.***

☺എന്റെ സമ്പത്ത് ദൈവമാണെന്ന് ഒരു അനുഗ്രഹദാസൻ

സാം കെ. പോൾ, വഴിക്കടവ്, മലപ്പുറം

☹***ദൈവത്തിന്റെ സമ്പത്താണ് താൻ അനുഭവിക്കുന്നെന്നാണ് പറഞ്ഞതിന്റെ അർത്ഥം***

☺കുക്കിങ്ങും, വീട്ടുജോലിയും അറിയാമോ എന്നു ചോദിച്ചതിന് കല്ല്യാണം മാറിപ്പോയതിനു കാരണം.

കെസിയ ജോൺസൺ, വെള്ളാനിക്കര, തൃശൂർ

☹***ചോദ്യം പെണ്ണ് ചെറുക്കനോടാണ് ചോദിച്ചത്***

☺ ആത്മീയ സമൂഹത്തിന്റെ ഏറ്റവും വലിയ ശാപം?

അക്സ ചെറിയാൻ, വണ്ണപ്പുറം, തൊടുപുഴ

☹***അന്ത്യാനാഴികയിൽ മാത്രമുദിക്കുന്ന തിരിച്ചറിവും വിവേകവും***

☺ വിഷം തിരിച്ചറിയാനുള്ള പേപ്പർ ഇറങ്ങി. മനുഷ്യനിലെ വിഷം തിരിച്ചറിയാനുള്ള പേപ്പർ എന്നാണിറങ്ങുക?

ജോമോൻ, കഴക്കൂട്ടം, തിരുവനന്തപുരം

☹***അതാണ് കറൻസി***





Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally